കഥാചന്ദ്രിക.

പുസ്തകം ൨. ൧൯൨൯ ജൂലായി. ലക്കം ൮൮



"Jesus taught them many things in parables." (Mark 4-2.)

"ധാരാളം കാര്യങ്ങൾ അവൻ അവരെ ഉപമകളായി പഠിപ്പിച്ചു." (മർക്കൊസ് ൪-൨)

പത്രാധിപർ:— ഫാദർ ജേക്കബ് നടുവത്തുശേരിൽ.

വിഷയവിവരം.

1. മംഗളം.
2. മാർ തോമ്മാശ്ലീഹാ.
3. പ്രസാധകക്കുറിപ്പുകൾ.
4. ഒരു ബാലന്റെ പ്രാർത്ഥന. (ശ്രീമാൻ പീറ്റർ കളപ്പുരയ്ക്കൽ, കടവന്ത്ര.)
5. മത്സരകഥ. (ശ്രീമാൻ ടി. എം. വർഗ്ഗീസ്, പുഞ്ചപ്പാടി)
6. ഒരു മഹൽകൃത്യം. (കെ. കെ. കവലക്കാട്ട്)
7. അലോഷ്യസിന്റെ ലോകത്യാഗം. (ശ്രീമാൻ കെ. ജെ. അഗസ്റ്റിൻ എം. എ. എൽ ടി.)
8. പ്രാർത്ഥനയുടെ ഫലം. (ശ്രീമാൻ സി. എ. മാത്യു കപ്പൂർ)
9. ദരിദ്രരുടെ സംരക്ഷകൻ. (റവ: ഫാദർ തോമസ് മൂഞ്ഞേലി.)
10. ചൈനായിലെ കത്തോലിക്കസഭ.
11. ഉണ്ണിമ്ശിഹായുടെ ഉച്ചഭക്ഷണം. (ഇംഗ്ലീഷ് ജോൺ മാഗ്വിക്കനാപരമ്പിൽ.)
12. കൃതജ്ഞതാ പ്രകാശനം.

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ

ആശീർവ്വാദം.

കഥാരൂപേണയും ലളിതമായ ഭാഷയിലും സന്മാർഗ്ഗോപദേശം ചെയ്യുന്ന "കഥാചന്ദ്രിക" കേരളത്തിലെ കത്തോലിക്കർക്കു പൊതുവിലും ബാലികാബാലന്മാർക്കു പ്രത്യേകിച്ചും വളരെ ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണമാണ്. അതിനെ എല്ലാ കുടുംബങ്ങളിലും പ്രവേശനംനൽകുന്നതിനെ കുടുംബത്തലവന്മാരും വിദ്യാലയാധികൃതന്മാരും ശ്രദ്ധിക്കേണമെന്നു നാം ഉപദേശിക്കുന്നു. പൊ. ബ. നടുവത്തുശ്ശേരിൽ യാക്കോബുതരകൻ ഏടവകജോലികൾക്കിടയിൽ ചെയ്യുന്ന സ്തുത്യർഹമായ ഈ പ്രേഷകവൃത്തിയെ നാം ഹൃദയപൂർവ്വം അനുഗ്രഹിക്കുകയും അദ്ദേഹത്തിന്റെ കത്തോലിക്കാസാഹിത്യപരമായ സകല പരിശ്രമങ്ങളിന്മേലും, വിശിഷ്യാ ഈ മാസികയുടെമേലും ദൈവാശീർവ്വാദത്തെ അപേക്ഷിക്കുകയുംചെയ്യുന്നു.

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നു.

പുസ്തകം ൨.	ഫൻറെ ജൂലായി	ലക്കം ൧൧.

മംഗളം.

ഉണരുക മെവു ബാലരെ! ജവാ-
ലണയുക 'ചന്ദ്രിക'യൊന്നു നോക്കുവിൻ
സുമമൊട്ടമധികം ലസിക്കുമ-
ക്കുമുദിനി പൂകുക പൂക്കൾ നേടിടാം.

ശ്രീമാൻ ജോജ്ജ്, വളാന്തറ.

മാർ തോമ്മാശ്ലീഹാ.

൧൩൰ാ൰ തൻെറ ശിഷ്യന്മാരിൽനിന്നു പന്ത്രണ്ടു പേരെ പ്രത്യേകം തിരിഞ്ഞെടുത്തു് അവക്കു വിശേഷമായ അറിവും അധികാരവും കൊടുത്തു. അവരാണു് പന്ത്രണ്ടു ശ്ലീഹന്മാർ. മാർ തോമ്മാ ആ ശ്ലീഹന്മാരിൽ ഒരാളാണല്ലൊ. ഈ വിശുദ്ധൻ ആദ്യമായി ഇന്ത്യയിൽ വന്നു സുവിശേഷം അറിയിക്കയും വേദസാക്ഷിയായി മരിക്കയും ചെയ്തു. അതിനാൽ മാർ തോമ്മായെ ഇന്ത്യയുടെ ശ്ലീഹാ എന്നു വിളിക്കുന്നു. ഇന്ത്യയിൽ സുവിശേഷ വേല ചെയ്യുന്ന എല്ലാവരും ഈ ശ്ലീഹായെ തങ്ങളുടെ

സ്ഥലീയ രക്ഷാധികാരിയായി വരിക്കേണമെന്നു തിരുസഭ ഉപദേശിക്കുകയും ചെയ്യുന്നു. മാർ തോമ്മായെക്കുറിച്ചു് സുവിശേഷഗ്രന്ഥത്തിൽ മൂന്നു സ്ഥലത്തായി വളരെയധികം വിവരങ്ങൾ കൊടുത്തിട്ടുണ്ടു്. അതിലൊന്നു താഴെ ചേർത്തുകൊള്ളുന്നു.

ജെരുസലേം പട്ടണത്തിനു് അടുത്തുള്ള ബെത്താനിയ എന്ന ഗ്രാമത്തിൽ ലാസർ എന്നു പേരുള്ള ഒരു സഹോദരനും, മാത്ത, മറിയം എന്നു് അയാളുടെ രണ്ടു സഹോദരികളും ജീവിച്ചിരുന്നു. സാക്ഷാൽ ദൈവഭക്തിയുള്ളവരാകയാൽ ഗുരുശ്രേഷ്ഠൻ അവരെ വളരെ സ്നേഹിക്കയും, ചില പ്പോഴെല്ലാം അവരുടെ അതിഥിയായിരിക്കയും ചെയ്തിരുന്നു. അങ്ങിനെയിരിക്കെ ലാസറിനു രോഗം പിടിപെട്ടു. സഹോദരികൾ ആ വിവരം ഗുരുശ്രേഷ്ഠനെ അറിയിച്ചു. എന്നാൽ അവിടുന്നു് രണ്ടുമൂന്നു ദിവസം കഴിഞ്ഞിട്ടും രോഗിയുടെ അടുക്കലേയ്ക്കു പോയില്ല. അതിനിടയിൽ ലാസർ മരിച്ചു. തന്റെ ദിവ്യദൃഷ്ടികൊണ്ടു് ആ വിവരം അറിഞ്ഞപ്പോൾ, അയാൾക്കു വീണ്ടും ജീവൻ കൊടുക്കണമെന്നു അവിടുന്നു് തീർച്ചയാക്കി. അതിനുവേണ്ടി ബെത്താനിയായിലേയ്ക്കു യാത്രയും ഒരുങ്ങി. എന്നാൽ ആ യാത്ര ശിഷ്യന്മാർക്കു് അത്ര സമ്മതമായില്ല. ജെരുസലേമിൽ യഹൂദപുരോഹിതന്മാർക്കും പ്രധാനികൾക്കും ഗുരുശ്രേഷ്ഠനോടു് വളരെ ശത്രുതാഭാവമുണ്ടെന്നും, അവിടുന്നു് അവരുടെ അടുത്തു ചെന്നാൽ അപകടമുണ്ടെന്നും ശിഷ്യന്മാർക്കു് അറിയാമായിരുന്നു. അതിനാൽ അവർ ഇപ്രകാരം പറഞ്ഞു: "ഗുരോ, യഹൂദന്മാർ അല്പംമുമ്പു് അങ്ങെ കല്ലെറിവാൻ അന്വേഷിച്ചിരുന്നു. എന്നിരിക്കെ അങ്ങു് വീണ്ടും അവിടേയ്ക്കു പോകുന്നുവോ?" തന്റെ യാത്രയെ ശിഷ്യന്മാർ ഇപ്രകാരം തടഞ്ഞെങ്കിലും ഗുരുശ്രേഷ്ഠൻ അതു വകവച്ചില്ല. അവിടുന്നു് യാത്ര ചെയ്യുന്നതെന്നു തന്നെ നിശ്ചയിച്ചു. അപ്പോൾ തോമ്മാശ്ലീഹാ തന്റെ കൂട്ടുകാരോടായിട്ടു ഇപ്രകാരം പറഞ്ഞു: "അങ്ങയോടൊരുമിച്ചു മരിക്കേണ്ടതിനായി നമുക്കും പോക." നമ്മുടെ ദിവ്യഗുരു അപകടം വകവയ്ക്കാതെ തന്റെ സ്നേഹിതന്മാരെ ആശ്വസിപ്പിക്കാൻ പോകയാണല്ലൊ. നമ്മൾ അവിടുത്തെ പ്രിയപ്പെട്ട ശിഷ്യന്മാരല്ലേ? നമ്മൾ ഭയന്നു പിൻമാറുന്നതു് ശരിയാണൊ? നമ്മൾ അവിടുത്തെ കൂടെ പോകേണ്ടതാണു്. എന്തു് ഉപദ്രവം നേരിട്ടാലും, അഥവാ മരിക്കേണ്ടിത്തന്നെവന്നാലും നമ്മൾ അവിടുത്തെ കൂടെ പോകണം. അവിടുന്നു് മരിക്കുന്നപക്ഷം നമ്മൾ പിന്നെ എന്തിനു ജീവിക്കുന്നു. അവിടുത്തെ ഒരുമിച്ചു നമ്മളും മരിക്കാൻ തയ്യാറായിരിക്കണം.

ഇന്ത്യയിൽ ആകെ മൂവായിരം ലക്ഷത്തിലധികം ജനങ്ങളുണ്ടു്.

ഇതാണ് തോമ്മാശ്ലീഹാ പറഞ്ഞ വാക്യത്തിന്റെ അർത്ഥം. അതുകേട്ട മറ്റു ശ്ലീഹന്മാർ ധൈര്യം അവലംബിക്കയും അവരെല്ലാവരും ഒരുശോയോട്ട് കൂടെ പോകയും ചെയ്തു.

പെന്തക്കോസ്തു തിരുനാളിൽ പുറാദക്കുദശാ തമ്പുരാനെ കൈക്കൊണ്ടശേഷമെ ശ്ലീഹന്മാർ നന്മയിൽ ഉറപ്പുള്ളവരായി തീർന്നുള്ളു. അതിനുമുമ്പു അവരുടെ ബുദ്ധിക്കുവേണ്ട വെളിച്ചവും മനസ്സിനു ധൈര്യവും ഇല്ലായിരുന്നു. എങ്കിലും, ആ കാലത്തിൽ, മാർ തോമ്മാശ്ലീഹായ്ക്കു തന്റെ ജീവ്യ ഗുരുവിനോടുണ്ടായിരുന്ന സ്നേഹം എത്ര അധികമായിരുന്നുവെന്നു ഈ സംഭവത്തിൽനിന്നു വെളിവാകുന്നു. ഈ സ്നേഹത്തിന്റെ ശക്തിയാണ് നമ്മുടെ ശ്ലീഹായെ വിദൂരമായ ഇന്ത്യായിലേയ്ക്കു കൊണ്ടുവരുന്നതിനും, ഇവിടെ അനേക ക്ലേശങ്ങൾ സഹിച്ചു കർത്താവിനുവേണ്ടി സ്വജീവനെ ബലികഴിപ്പിക്കുന്നതിനും കാരണമാക്കിയതു്. മാർ തോമ്മാശ്ലീഹായുടെ മക്കളായ നമ്മളും കർത്താവിന്റെ നേരെയുള്ള സ്നേഹത്താൽ ജ്വലിക്കയും അവിടുത്തെ രാജ്യം ഇന്ത്യയിലെങ്ങും പരത്തുന്നതിനു സ്വാത്മനാ പ്രയത്നിക്കയും ചെയ്യേണ്ടതാണു്.

—൪൬—

കത്തോലിക്കാപരിശ്രമത്തിന്റെ (Catholic action) ആവശ്യകതയെക്കുറിച്ചു് പരിശുദ്ധപിതാവു് പലേ അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. സത്യം പ്രചരിപ്പിക്കുന്നതിലും പരോപകാരപ്രവൃത്തികൾ ചെയ്യുന്നതിലും മെത്രാന്മാർക്കും പട്ടക്കാർക്കും അത്മേനികൾ നൽകുന്ന സഹായസഹകരണമാണു് കത്തോലിക്കാപരിശ്രമമെന്നു തിരുമനസ്സുകൊണ്ടു് ഇവയിടെ അരുളിച്ചെയ്തു.

* * *

ഇക്കഴിഞ്ഞ മെയ് നാലാംനു ഫാദർ പീയൂസ് മാപ്പാപ്പാ തിരുമനസ്സിലേയ്ക്കു ഓ വയസ്സു തികഞ്ഞു. തിരുമനസ്സുകൊണ്ടു് ഫ്വദ്ദ മെയ് നാലാംനുയാണ് ജനിച്ചതു്. ഫ്വദ്ദന്റെ ഡിസമ്പർ പതിനാംനു കുമ്പാനപ്പട്ടവും, ഫെബ്രുവരി പത്താംനു മെത്രാൻ പട്ടവും കൈക്കൊണ്ടു്. ഫെബ്രുവരി ജൂൺ പന്ത്രണ്ടാംനു കർദ്ദിനാൾ സ്ഥാനത്തിലേയ്ക്കുയർത്തപ്പെട്ടു. ഫെബ്രുവരി പതിനൊന്നാംനു മാപ്പാപ്പായായി തിരിഞ്ഞെടുക്കപ്പെടുകയും ചെയ്തു.

അതിൽ മുപ്പത്തു ലക്ഷത്തോളമെ കത്തോലിക്കരുള്ളു.

പ്രസാധകക്കുറിപ്പുകൾ.

സംശയം.

ആൻറണി അഞ്ചാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയാണ്. മൂന്നാംക്ലാസുവരെ സ്വദേശത്തുതന്നെ പഠിച്ചു. അപ്പോഴെല്ലാം അവൻറെ അപ്പനു ഒരു സർക്കാർ ജോലി കിട്ടി; അയാൾ ജോലിനോക്കിയിരുന്നിടത്തിൽ ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നതിനാൽ ആൻറണിയെ അവിടെ ചേർത്തു. അത് ഒരു അകത്തോലിക്ക സ്കൂളായിരുന്നു. അടുത്തു ഒരു കത്തോലിക്ക ഹൈസ്കൂൾ ഇല്ലെന്നും അന്വേഷിക്കിലുള്ള ഏതെങ്കിലും കത്തോലിക്ക ബോർഡിങ്ങിൽ താമസിപ്പിച്ചു അവിടത്തെ ഹൈസ്കൂളിൽ ചേർത്തു പഠിപ്പിക്കുന്നതു് നിസ്സാര ശമ്പളക്കാരനായ തനിക്കു വളരെ ഭാരമാണെന്നും ആയിരുന്നു അതിനു അയാളുടെ സമാധാനം. കത്തോലിക്കനായി അൻറണി ഒരാൾ മാത്രമേ ആ അകത്തോലിക്ക സ്കൂളിൽ പഠിച്ചിരുന്നുള്ളൂ.

സ്വദേശത്തുള്ള കത്തോലിക്ക സ്കൂളിൽവച്ചു ആൻറണി വേദപാഠങ്ങൾ ഒരുവിധം നല്ലപോലെ പഠിച്ചിരുന്നു. അതിനാൽ അവൻറെ തരക്കാരെക്കാൾ വേദസംബന്ധമായി അവനു കൂടുതൽ ജ്ഞാനമുണ്ടായിരുന്നു. എങ്കിലും അകത്തോലിക്ക സ്കൂളിൽ പഠിക്കയും അകത്തോലിക്കരായ വാദ്ധ്യാന്മാരോടും വിദ്യാർത്ഥികളോടും സഹവാസംചെയ്കയും ചെയ്തുപോന്നതിൻറെ ഫലമായി അവൻറെ മനഃസ്ഥിതിക്കു ഏതാണ്ടു ഒരു മാറ്റമുണ്ടായി. ചരിത്രം പഠിപ്പിക്കുന്ന വാദ്ധ്യാന്മാർ ഇംഗ്ലാണ്ടിലെ പന്ത്രണ്ടാം നൂറ്റാണ്ടിലെ മതപരിവർത്തനത്തെക്കുറിച്ചും മറ്റും പറയുമ്പോൾ കത്തോലിക്ക സഭയേയും അതിലെ അദ്ധ്യക്ഷന്മാരായ മാപ്പാപ്പാമാരെയും മെത്രാന്മാരെയും മറ്റു വൈദികരെയും ആക്ഷേപിച്ചു സംസാരിക്കാറുണ്ടായിരുന്നു. ആദ്യമാദ്യം ആൻറണിക്കു അതൊന്നും അത്ര രസിച്ചില്ല. എങ്കിലും താൻ ഏകനായി അതിനെ തടുത്തു പറഞ്ഞാൽ ഫലമൊന്നുമില്ലെന്നുവച്ചു അവൻ മൌനം അവലംബിക്കയാണ് പതിവു. ക്രമേണ, വാദ്ധ്യാന്മാർ വിവരിക്കുന്ന സംഗതികളും പറയുന്ന യുക്തികളും ശരിയല്ലയോ എന്നു സംശയം തോന്നിത്തുടങ്ങി. ഒടുവിൽ കത്തോലിക്ക സഭയുടെ വിശ്വാസാചാരങ്ങളെക്കുറിച്ചുപോലും അകത്തോലിക്കരായ വാദ്ധ്യാന്മാരും സഹപാഠികളും പറയുന്ന ആക്ഷേപങ്ങൾ ഏതാണ്ടൊക്കെ കാര്യമാണെന്നും വിചാരിച്ചുവന്നു.

ഇന്ത്യയിൽ സത്യവേദം ആരംഭിച്ചിട്ടു ൨൦൦൦ കൊല്ലത്തോളമായി.

കത്തോലിക്കർ വെന്തീഞ്ഞ ധരിക്കുന്നതിനെക്കുറിച്ചായിരുന്ന ഒരാക്ഷേപം. ആദ്യം അവൻ അതു കൂട്ടാക്കാതെ വെന്തീഞ്ഞ ധരിച്ചുപോന്നു. പിന്നീടു, മറ്റുള്ളവർ കാണാതിരിക്കത്തക്കവിധം ഉടുപ്പിന്റെ ഉള്ളിൽ ഗൂഢമായി ധരിച്ചുതുടങ്ങി. ഒടുവിൽ അതു് അത്മില്ലാത്ത ആചാരമാണ് എന്നുകരുതി വെന്തീഞ്ഞ ധരിക്കാതെയായി. കഴുത്തിൽ വെന്തീഞ്ഞ കാണാത്തപ്പോൾ അവന്റെ അമ്മ അതിനെക്കുറിച്ചു ചോദിക്കാറുണ്ടു. അപ്പോഴൊക്കെ, അതു ഒപ്പാട്ടിപ്പോയെന്നോ കുളിച്ചപ്പോൾ ഉരിയിട്ടിട്ടു പീണ്ടും ധരിക്കാൻ മറന്നുപോയെന്നോ മറെറാ ഓരോ ഒഴിവുകഴിവു പറയും. ഇങ്ങിനെയിരിക്കെ മദ്ധ്യവേനൽ ഒഴിവുകാലമായി. കച്ചേരികളും സ്കൂളുകളും പൂട്ടിയതിനാൽ ആൻറണി മാതാപിതാക്കന്മാരൊത്തുചിച്ചു സ്വദേശത്തേയ്ക്കു പോന്നു.

നിവാരണം.

അന്തോണിയുടെ അമ്മ ഒരുദിവസം പള്ളിയിലെ കമ്മ്യൂൾ കഴിഞ്ഞപ്പോൾ ബ. വികാരിഅച്ചനെ ഒന്നു കണ്ടാൽ കൊള്ളാമെന്നു ആവശ്യപ്പെട്ടു. വികാരിഅച്ചൻ താഴെ ഇറങ്ങിവന്നു എന്താകാര്യമെന്നു ചോദിച്ചപ്പോൾ ആ സ്ത്രീ ഇപ്രകാരം പറഞ്ഞു:—

"എന്റെ അച്ചാ, എന്റെ മകൻ അന്തോണിക്കുട്ടി ഇപ്പോൾ പണ്ടത്തെപ്പോലെയല്ല. അവനു ദേഷ്യത്തിൽ വലിയ ഉപേക്ഷ കാണുന്നു".

അച്ചൻ:— "അതിൽ അത്ര ആശ്ചര്യപ്പെടാനില്ല. അകത്തോലിക്കസ്കൂളിലല്ലെ ഒന്നരണ്ടുകൊല്ലമായിട്ടു പഠിക്കുന്നതു്. ആട്ടെ, പ്രത്യേകം വല്ല സംഗതിയും എടുത്തുപറയാനുണ്ടൊ?"

സ്ത്രീ:— "ഉണ്ടച്ചാ; അവൻ ഇപ്പോൾ വെന്തീഞ്ഞ ധരിക്കുന്നില്ല. ഞാൻ അതിനെക്കുറിച്ചു ചിലപ്പോൾ ചോദിക്കാറുണ്ടു്. അപ്പോഴൊക്കെ അവൻ ഓരോ ഉപായം പറഞ്ഞു ഒഴിഞ്ഞുകളയും. അവൻ വെന്തീഞ്ഞ തീരെ ഉപേക്ഷിച്ചിരിക്കുന്നുവെന്നാണ് എന്റെ ബലമായ വിശ്വാസം. അച്ചൻ അവനോടു ആ കാര്യം ചോദിച്ചറിയുകയും വേണ്ട ഉപദേശം കൊടുക്കയുംചെയ്യണമെന്നപേക്ഷ".

അച്ചൻ:— "കൊള്ളാം. നിങ്ങൾ വ്യസനിക്കേണ്ട. ഞാൻ അവനെ നേരെയാക്കാൻ ശ്രമിക്കാം. അവനു നല്ല ബുദ്ധികൊടുക്കാൻ

എങ്കിലും ആ വേദം അനുസരിക്കുന്നവർ ഏതു മൂലക്കം.

നീങ്ങൾ മാതാവിനോടു അപേക്ഷിച്ചുകൊള്ളുക". ഇങ്ങിനെ പറഞ്ഞു അവർ പിരിഞ്ഞു.

അടുത്ത ഒരുദിവസം അന്തോണി ഒരു കുമ്പാനം ചൊല്ലിക്കാൻ പണവുംകൊണ്ടു വികാരിഅച്ചന്റെപക്കൽ ചെന്നു. അപ്പോൾ അച്ചൻ ദയാപൂർവ്വം അവനോടു ഓരോന്നു സംസാരിക്കാൻ തുടങ്ങി. അതിനിടയിൽ "എന്താ, അന്തോണി, നിനക്കു വെന്തീഞ്ഞ ധരിക്കാൻ മടിയാണെന്നു ആരോ പറയുന്നതു കേട്ടല്ലൊ" എന്നു ചോദിച്ചു. അന്തോണി വല്ലാതെ പരുങ്ങി. അച്ചനോടു നേരെ കള്ളംപറയാൻ അവൻ ധൈര്യപ്പെട്ടില്ല. എന്തിനധികം, അച്ചൻ സ്നേഹത്തിൽ ചോദിച്ചു ചോദിച്ചു അവന്റെ ഉള്ളിലുള്ള അഭിപ്രായങ്ങളെല്ലാം വെളിക്കു ചാടിച്ചു. "സ്വർഗ്ഗത്തിൽ പോകുന്നതിനു വെന്തീഞ്ഞ ധരിക്കേണമെന്നുണ്ടൊ? വെന്തീഞ്ഞ ധരിക്കാത്തവൻ കത്തോലിക്കനല്ലെന്നുണ്ടൊ? മാതാവിന്റെ നേരെയുള്ള ഭക്തിക്കുതന്നെയും വെന്തീഞ്ഞ ധരിച്ചേകഴിയൂ എന്നുണ്ടൊ?" എന്നെല്ലാമായി അന്തോണിയുടെ ചോദ്യം. അതിനു അച്ചൻ ഇപ്രകാരം സമാധാനം പറഞ്ഞു: "സ്വർഗ്ഗത്തിൽ പോകാൻ വെന്തീഞ്ഞ ധരിക്കണമെന്നൊ, വെന്തീഞ്ഞ ധരിക്കാത്തവൻ കത്തോലിക്കനല്ലെന്നൊ മാതാവിന്റെ ഭക്തിയുള്ളതുതന്നെയും വെന്തീഞ്ഞ ധരിച്ചേ കഴിയൂ എന്നൊ കത്തോലിക്കസഭ പഠിപ്പിക്കുന്നില്ല. എന്നാൽ കത്തോലിക്കസഭ നല്ലതും വളരെ പ്രയോജനകരവും എന്നു പഠിപ്പിക്കുന്ന ആചാരം അങ്ങിനെയുള്ളതല്ല എന്നു പറയുന്നവൻ ശരിയായ കത്തോലിക്കനല്ല. അവൻ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയിൽനിന്നു തെറ്റിപ്പോകാൻ വളരെ എളുപ്പമുണ്ടു്. വെന്തീഞ്ഞിന്റെ ഭക്തി ദേവമാതാവുതന്നെ സൈമൺസ്റ്റോക്കു എന്ന പുണ്യവാനു കാണപ്പെട്ടു അറിയിച്ചതാണു്. ആ 'കാഴ്ച'യെക്കുറിച്ചുള്ള സകല തർക്കവിതർക്കങ്ങളും പരിശോധിച്ചശേഷം അതു "യഥാർത്ഥമായ കാഴ്ചയാണെന്നും അതിനെ യഥാർത്ഥമായതായി എല്ലാവരും സ്വീകരിക്കേണ്ടതാണെന്നും" ക്രി-ാം പൊന്തിക്ക്തോസ് മാർപ്പാപ്പാ കല്പിച്ചരുളിയിട്ടുണ്ടു്. ഈ മാർപ്പാപ്പായാകട്ടെ, തിരുസഭയെ ഭരിച്ചിട്ടുള്ള മാർപ്പാപ്പാമാരിൽ ഏറ്റവും വലിയ വേദശാസ്ത്രജ്ഞനെന്നു പരക്കെ സമ്മതമാണു്. അദ്ദേഹത്തിനു മുമ്പും പിമ്പും പലേ മാർപ്പാപ്പാമാരും, റീത്തുകളുടെയും തിരുക്കർമ്മങ്ങളുടെയും കാര്യം വിചാരണചെയ്യുന്ന വിശുദ്ധ സംഘവും അപ്രകാരംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതനുസരിച്ചു മാർപ്പാപ്പാമാർ, കർദ്ദിനാളന്മാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ മുതലായ വൈദികന്മാരും,

---

മാർ തോമ്മാ ഈശ്ശോയുടെ ഒന്നാമത്തെ ശ്ലീഹായാണല്ലൊ.

ചക്രവത്തിമാർ, രാജാക്കന്മാർ തുടങ്ങിയുള്ള അനേകനിക്ഷേപം അനേക നൂറാണ്ടുകളായി ലക്ഷക്കണക്കിനു വെന്തീഞ്ഞ ധരിക്കയും ആ ഭക്തി ആചരിക്കയും ചെയ്യുവരുന്നു. അതിനു മറേറതു ഭക്ത്യാചാരങ്ങളേക്കാൾ കൂടുതലായ ദണ്ഡവിമോചനങ്ങൾ തിരുസഭ കല്പിച്ചു കൊടുത്തിട്ടുണ്ട്. ആ ഭക്തിവഴി ആത്മാവിനും ശരീരത്തിനും അനവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള അനേകായിരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇങ്ങിനെയെല്ലാമിരിക്കെ, വെന്തീഞ്ഞ ധരിക്കുന്നതു് അത്ഗമില്ലാത്ത ആചാരമാണെന്നു ഒരു കത്തോലിക്കൻ പറഞ്ഞാൽ അതു എറ്റവും വലിയ ധിക്കാരമായിരിക്കും. തിരുസഭയ്ക്കു ലോകത്തിലുള്ള സ്ഥാനമെന്തെന്നും അതിനു ദൈവം കൊടുത്തിട്ടുള്ള അധികാരങ്ങളും വരങ്ങളും എത്തെല്ലാമെന്നും അവൻ അറിയുന്നില്ലതന്നെ. അവൻ നിത്യരക്ഷയുടെ കാര്യത്തിൽ തിരുസഭയുടെ അഭിപ്രായത്തേക്കാൾ സ്വന്ത അഭിപ്രായത്തെ വിലവയ്ക്കുകയാണു് ചെയ്യുന്നതു്. ഇതിൽപരം ധിക്കാരം ഒരു കത്തോലിക്കനിലുണ്ടാകാമൊ?».

അച്ചൻ പറഞ്ഞ ഈ ന്യായം അനോണിക്കു ബോദ്ധ്യമായി. എതിരു പറവാൻ നിവൃത്തിയില്ലെന്നു അവൻ കണ്ടു്. എങ്കിലും അവൻ ഇങ്ങിനെ ചോദിച്ചു. «വെന്തീഞ്ഞിന്റെ ഭക്തി, തിരുസഭ പഠിപ്പിക്കുമ്പോലെ, വളരെ നല്ലതും പ്രയോജനകരവുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ആ ഭക്തി എല്ലാ കത്തോലിക്കരും ആചരിക്കേണമെന്നുണ്ടൊ? ആചരിക്കാത്തവനു കുറവംപറയാറുണ്ടൊ?» അച്ചൻ «ശീ്ച്ചയായും കുറവം പറയണം. നിത്യരക്ഷയ്ക്കു വളരെ നല്ലതും പ്രയോജനകരവുമായ ഒരു ഭക്തി, അതും എളുപ്പത്തിൽ സാധിക്കുന്നതു്, ആചരിക്കാൻ മനസ്സില്ലാത്തവൻ നിത്യരക്ഷയുടെ കാര്യത്തിൽ ശ്രദ്ധയില്ലാത്തവനായിരിക്കും. അവൻ ഒരുവക വിട്ടുഴ്ച എന്നുവേണം വിചാരിക്കാൻ. അതു ആചരിക്കാതിരിക്കാൻ അവനു ന്യായമായ എന്തു കാരണമുണ്ടാകാം. ഒന്നുമില്ല. വെന്തീഞ്ഞ ഭക്തി എന്താണെന്നും, വെന്തീഞ്ഞ ധരിക്കുന്നതിന്റെ അർത്ഥവും ഉദ്ദേശ്യവുമെന്തെന്നും മറും പലതും പറയാനുണ്ടു്. അതൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. അതു വേറൊരിക്കലാകാം. ഇപ്പോൾ ഞാൻ ഇതുമെയ പറയുന്നുള്ളു. തിരുസഭയെക്കുറിച്ചു വിശ്വാസവും ബഹുമാനവുമുള്ള കത്തോലിക്കനു തിരുസഭയുടെ ഉപദേശമാണു പ്രമാണം. വെന്തീഞ്ഞഭക്തി ആചരിക്കാൻ സഭ ഉപദേശിക്കുന്നു. ആ കാരണം കൊണ്ടുതന്നെ നമ്മൾ അതു ആചരിക്കേണ്ടതാണു്. അതു ചെയ്യാത്ത

ആ ദ്രീഹായോടു ഇതുയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കുക.

കത്തോലിക്കൻ ഒന്നെങ്കിൽ ഡിക്കാരി അല്ലെങ്കിൽ വിസ്സി». അച്ചന്റെ ഉപദേശം അന്തോണിയുടെ ഹൃയത്തിൽ നല്ലപോലെ തട്ടി. തന്റെ തെറ്റിദ്ധാരണയെല്ലാം തിരുസഭയെക്കുറിച്ചു വിശ്വാസവും ബഹുമാനവുമില്ലാഞ്ഞ അകത്തോലിക്കരുമായ സഹവാസത്തിന്റെ ഫലമാണെന്നു അവനു മനസ്സിലായി.

പ്രതിജ്ഞ.

ഒടുവിൽ അന്തോണി പറഞ്ഞു: «അച്ചാ, എന്റെ തെറ്റു ഞാൻ സമ്മതിക്കുന്നു. ചെറുപ്പംമുതൽക്കു വെന്തീഞ്ഞ ഞാൻ ധരിച്ചിരുന്നെങ്കിലും ഈ ന്യായങ്ങളൊന്നും എനിക്കു മനസ്സിലായിരുന്നില്ല. അതിനാലാണ് അകത്തോലിക്കർ ആക്ഷേപം പറഞ്ഞപ്പോൾ ഞാൻ അതു ഊർമാറിയതു്. മേലിൽ ഞാൻ വെന്തീഞ്ഞ ഭക്തിപൂർവ്വം ധരിച്ചുകൊള്ളാം».

അച്ചൻ:— «വളരെ നല്ലതു്. വെന്തീഞ്ഞ മാതാവിന്റെ (കർമ്മലമാതാവിന്റെ) ഒരു തിരുനാളുണ്ടു്. അതു് ജൂലായിമാസം ഫന്ത്രാന്തുയാണു്. അതിനു ഒരുക്കമായിട്ടുള്ള നൊവേന ജൂലായി ന്യാംനുതുടങ്ങും. നീ ആ നൊവേന ഭക്തിപൂർവം കഴിക്കണം. നിവൃത്തിയുണ്ടെങ്കിൽ ആ ഒൻപതുദിവസവും വി. കുർബാന ഒരുകൊണ്ടു മാതാവിനു കാഴ്ചവയ്ക്കണം. തിരുനാൾദിവസത്തിലും അപ്രകാരം ചെയ്യണം. മഹാ പണ്ഡിതനും പുണ്യശ്ലോകനുമായിരുന്ന ഫ്രാം ലെയൊ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ആ തിരുനാൾദിവസത്തിൽ നമുക്കു ലഭിക്കാവുന്ന ഒരു വലിയ ഭണ്ഡവിമോചനം കല്പിച്ചരുളിയിട്ടുണ്ടു്. അതിപ്രകാരമാണു്. ക്രമപ്രകാരം വെന്തീഞ്ഞ ധരിക്കുന്നവർ നല്ല കുമ്പസാരംകഴിച്ചു ആ തിരുനാൾദിവസം വി. കുർബാന കൈക്കൊള്ളുക. അതിനുശേഷം കർമ്മലീത്താസന്ന്യാസികളുടെയൊ കന്യാസ്ത്രീകളുടെയൊ ഏതെങ്കിലും ഒരു പള്ളി സന്ദർശിക്കുക. പള്ളിയകത്തുകയറി മാപ്പാപ്പായുടെ നിയോഗപ്രകാരം അല്പനേരം പ്രാർത്ഥിക്കുക. (ഈ ആകാ. ഒ നമ്മ. ഒ ശ്രീത. ചൊല്ലിയാൽ മതിയാകും.) എന്നാൽ പൂർണ്ണ ഭണ്ഡവിമോചനം പ്രാപിക്കാം. പുറത്തിറങ്ങിക്കൊണ്ടു പിന്നെയും പള്ളിയകത്തുചെന്നു അപ്രകാരം പ്രാർത്ഥിച്ചാൽ വീണ്ടും പൂർണ്ണഭണ്ഡവിമോചനം പ്രാപിക്കാം. അങ്ങിനെ ഏഴുപ്രാവശ്യം കയറിയിറങ്ങി പ്രാർത്ഥിക്കുന്നതായും

മാനസാന്തരം ദൈവാനുഗ്രഹത്തിന്റെ ഫലമാണ്.

പ്രാവശ്യം പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

അങ്ങിനെ ചെയ്യാമെന്നു അന്തോണി സമ്മതിച്ചു. അച്ചനോടു ഒരു വെന്തീഞ്ഞ വാങ്ങി കഴുത്തിൽ ധരിച്ചു സന്തോഷത്തോടുകൂടി വീട്ടിലേയ്ക്കു മടങ്ങി. അടുത്തദിവസം അച്ചൻ അന്തോണിയുടെ അപ്പനെ വിളിപ്പിച്ചിട്ടു "നിങ്ങൾ പണത്തിന്റെ ലാഭമോർത്തു അന്തോണിയെ അകത്തോലിക്ക സ്കൂളിലാക്കി. അതിന്റെ ഫലം അറിയാറായി" എന്നു പറഞ്ഞശേഷം അന്തോണിയുമായുണ്ടായ സംഭാഷണവും മറ്റും അറിയിച്ചു. എന്തു പണനഷ്ടംവന്നാലും തരക്കേടില്ല. മകന്റെ മതവിശ്വാസം ക്ഷയിക്കാതിരിക്കണമെങ്കിൽ അവനെ സ്കൂൾതുറക്കുമ്പോൾ ഒരു കത്തോലിക്ക സ്കൂളിലാക്കണമെന്നു ബലമായി ഉപദേശിച്ചു. അയാൾ അപ്രകാരം പ്രവർത്തിക്കയും ചെയ്തു. അതിന്റെ ഫലമായി അന്തോണി ഒരു ഉത്തമ കത്തോലിക്ക യുവാവായി വളർന്നു നാടിനും വീടിനും ഒരു അനുഗ്രഹമായിത്തീർന്നു.

ഇന്ത്യയ്ക്കു സ്വയംഭരണം ലഭിച്ചാലുണ്ടാകുന്ന സ്ഥിതിഗതികൾ ക്രീസ്തുമതത്തിനു് എതിരായിരിക്കുമെന്നു കണ്ടാൽത്തന്നെയും നമ്മൾ ഭയപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ വേദസാക്ഷിയുടെ രക്തം തിരുസഭയുടെ വിത്താണ്. കത്തോലിക്കസഭ ഏറ്റവും വലിയ പീഡകളനുഭവിച്ചിട്ടുള്ള രാജ്യങ്ങളിലാണ് അതു ഏറ്റവും അധികം പ്രചരിച്ചിട്ടുള്ളതു്. ഇംഗ്ലണ്ടുതന്നെ അതിനു ഒരു ദൃഷ്ടാന്തമാണ്. അയർലാണ്ടു് വേറൊന്നു. ഇന്ത്യയിൽ കത്തോലിക്കസഭ മഹമ്മദീയമർദ്ദനം അനുഭവിച്ചിരുന്ന കാലമായിരുന്നു അതിന്റെ ശ്രേയസ്കരമായ കാലം. മഹമ്മദീയരുടെ ഭരണകാലത്താണല്ലൊ വിശുദ്ധ ഫ്രാൻസിസ്സ്സാസ് ശെയ്ക്കർ വിജയകരമായി വേദപ്രചാരവേല നടത്തിയതു്. മ്ശിഹായുടെ വിളി സ്വാർത്ഥപരിത്യാഗത്തിലേയ്ക്കുള്ള വിളിയാണ്. സ്വാർത്ഥപരിത്യാഗത്തോടും വേദസാക്ഷിത്വത്തോടും കൂടി ചെയ്യപ്പെടാത്ത ഉദ്യമങ്ങളൊന്നും യാതൊരു മഹൽക്കാര്യവും സാധിച്ചിട്ടുള്ളതായി ലോകചരിത്രത്തിൽ കാണുന്നില്ല.

(പണ്ഡിതനായ ഇംഗ്ലണ്ടിലെ ഒരു കത്തോലിക്കൻ)

അതു ലഭിക്കുന്നതിനു പ്രാർത്ഥന ആവശ്യമാകുന്നു.

ഒരു ബാലന്റെ പ്രാർത്ഥന

(389-ാം പക്ഷം തുടർച്ച.)

(ശ്രീമാൻ പീറ്റർ കളപ്പുരയ്ക്കൽ, കടവന്ത്ര.)

മർത്ത്യരെല്ലാരുമെൻ സോദരരെന്നു ഞാൻ
ചിത്തേ നിനച്ചു ജീവിക്കുമാറാകണം;
സൽസ്വഭാവത്തോടിവനുമീലോകരും
ചിൽസ്വരൂപൻ തുണയാൽ വിളങ്ങീടണം;
ലോകമായതുളറിഞ്ഞു ഞാനുഴിയിൽ
ശോകകാലത്തിലും വാഴുമാറാകണം;
ഏകദാ മൃത്യുവിൻ വായിലകപ്പെട്ട
ലോകവുംവിട്ടു ഞാൻ പോകുമെന്നോർക്കണം;
എന്റെ സർവ്വസ്വവും ദൈവമായീടണം
എന്നുടെ ജീവനുമേശുവായീടണം,
ദൈവപ്രമാണങ്ങളൊക്കെയും കാക്കുവാൻ
ദൈവമെ! നീ എനിക്കാദരവാകണം;
വൈരസ്യമേതും മനസ്സിലില്ലാതെ ഞാൻ
വൈരികൾക്കെന്നുമുപകാരിയാകണം;
അന്യരുടെ മുതലേതുമെൻ കൈവശം
വന്നുകൂടുന്നിടാതെന്നെ നീ കാക്കണം;
മാതാപിതാക്കളെ വദിക്കാതിരു-
ക്കാശൈശവപ്പാനിടയാക്കാതിരിക്കണം,
ഇല്ലാത്തവർ തോഴരായീടുവാൻ
സംഗതിയാക്കിടാതെന്നുമെ കാക്കണം;
ദാസനെ നിത്യവുമോർക്കുമാറാകണം
വാസരന്തോറുമാശിസ്സു നൽകീടണം;
ആശയോടീവിധം ജീവിച്ച നിത്യമാ-
യേശുവെ! നിന്മുഖം കാണുമാറാകണം.

പതിനാറുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ നാടകശാലകൾ, സംഗീതകളരികൾ മുതലായ സ്ഥാപനങ്ങളിൽ ജോലിക്കു ഏർപ്പെടുത്തിക്കുടെന്നു ബെൽജിയത്തിൽ ഒരു രാജകല്പന പരസ്യംചെയ്തിരിക്കുന്നു.

മത്സരകഥ.

ഒരജ്ഞാതവാസം.

(ശ്രീമാൻ ടി. എം. ചക്കീസ്, പുത്തൻപള്ളി.)

൧൦൭൦-ലെ ഇടവപ്പാതിവഷ്ം ആരംഭിച്ചിട്ട് ഒരു മാസം ആവീരീക്കുന്നു. വടക്കുപടിഞ്ഞാറൻ കാറിന്റെ (കാലവഷ്ക്കാറ്റ്) ഉപദ്രവം അധികമായിരിക്കയാണ്. കുലച്ചതും കുലയ്ക്കാറായതുമായ വാഴകൾ ഒടിഞ്ഞുവീണ് കിടക്കുന്നതു കാണേണ്ടതുതന്നെ. ഇതിലെല്ലാത്തിലും കൂട്ടത്തൽ സങ്കടം പെരിയാറിന്റെ താഴ്ന്നതീരങ്ങളിൽ പാർക്കുന്നവർക്കാണുള്ളതു്. മുൻ കൊല്ലങ്ങളെക്കാൾ വെള്ളം രണ്ടുരണ്ടരക്കോൽ കൂട്ടത്തൽ പൊങ്ങിയിട്ടുണ്ട്. കാർമേഘങ്ങളുടെ ഗതിയും നിലച്ചിട്ടില്ല. ഇനിയും വെള്ളപ്പൊക്കം ഉണ്ടാകയില്ലെന്നു ആർക്കറിയാം. ആലുവാപ്പുഴയുടെ തീരത്തിൽ പാർക്കുന്നവർ പ്രാണരക്ഷാർത്ഥം വള്ളങ്ങൾക്കുവേണ്ടി അങ്ങുമിങ്ങും ഓടി നടക്കുന്നു. ആലുവായിലെ ഒരു മാന്യനും ഉദാരനുമായ ഏഷവും മൂട്ടിൽ യൗസേപ്പച്ചന്റെ ഇരുപതിൽപ്പരം വള്ളങ്ങൾ ഓരോരുത്തർ വന്നു കൊണ്ടുപോയിരിക്കയാണ്. വെള്ളത്തിന്റെ കയറ്റം നിലച്ചിട്ടും ഇല്ല; അതിനാൽ യൗസേപ്പച്ചൻ സ്വന്ത ആവശ്യത്തിനായി ഒരു വള്ളവും രണ്ടുമൂന്നു ആൾക്കാരുമായി വെള്ളത്തിന്റെ ഗതിയെ കാത്തുകൊണ്ടു നില്ക്കുയാണ്. ഈ അവസരത്തിൽ തന്റെ സ്നേഹിതനായ നെല്ലുവേലിൽ മാത്തു സാർ അവിടെ വന്നുചേർന്നു. ഈ മാത്തു സാർ മലയാളം ഹയർ പരീക്ഷാവിജയിയും ആലുവാ സെൻറ് മേരീസ് പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്ററുമാണ്. വിവാഹം കഴിച്ചിട്ട് പത്തു വഷ്ംവരെ കുട്ടികളൊന്നും ഉണ്ടായില്ലാ. എങ്കിലും, ഇപ്പോൾ രണ്ടു വയസ്സു പ്രായമുള്ള ഒരാൺകുട്ടി ഉണ്ട്. കാലാനുസൃതമായ വിദ്യാഭ്യാസം ലഭിക്കയാൽ ഒരുവിധം മനഃപാകതവന്നയാളാണ് മാത്തു സാർ; എങ്കിലും തന്റെ ഭാര്യയുടെ അഭീഷ്ടം എന്തോ അതു സാധിപ്പാൻ അദ്ദേഹം സദാ സന്നദ്ധനാണ്; തന്റെ ഭാര്യ സകല സൽഗുണങ്ങളും തികഞ്ഞവൾ ആയതുകൊണ്ടല്ലാ മാത്തു സാർ ഭാര്യയുടെ ഹിതം അനുസരിക്കാറുള്ളതു്; പിന്നയോ, തന്റെ പ്രിയതമയിൽ ഉള്ള സ്നേഹവും വിശ്വാസവും കൊണ്ടുമാത്രമാണ്. ആശ്രിതന്മാരോടു അനുകമ്പ കാണിക്ക എന്ന സ്വഭാവം മാത്തു സാറിന്റെ ഭാര്യക്കു ഇല്ലതന്നെ. വീട്ടിൽ വേലക്കാരനെ നിറുത്തിയാൽ

കൂട്ടത്തൽ മിഷണറിമാർ ഉണ്ടാകാനും പ്രാർത്ഥിക്കുക.

അവനെക്കൊണ്ട് യാതൊരു വിശ്രമവുമില്ലാതെ വേലകൾ ചെയ്യിക്കുന്നതിവാണ്. ഇതുനിമിത്തം മാത്തു സാറിന്റെ വീട്ടിൽ സ്ഥിരമായി വേലക്കാരൻ ഇല്ലെന്നു പറയാം. എവിടെ പോകണമെങ്കിലും മാത്തു സാർ അല്ലാതെ വേറെ ആരുമില്ല. ഭാര്യയേയും കുട്ടിയേയും വെള്ളത്തിൽ നിന്നും രക്ഷിയ്ക്കാൻ വള്ളം അന്വേഷിച്ചാണ് അദ്ദേഹം പുറപ്പെട്ടിട്ടുള്ളതു്. താൻ പോന്നപ്പോൾ തന്റെ പുരയ്ക്കകത്തു വെള്ളം കയറാറായെന്നും വേറെ വള്ളമൊന്നും മാത്തു സാറിനു കിട്ടാൻ മാർഗ്ഗമില്ലെന്നും അറിഞ്ഞ ഉടനെ സ്വരക്ഷയ്ക്കായി ഇട്ടിരുന്ന വള്ളവും തുഴഞ്ഞുകൊണ്ടുപോകാൻ രണ്ടാളെയും യൗസേപ്പച്ചൻ അയച്ചുകൊടുത്തു. വള്ളവുമായി സഹ്യഗിരിയിൽ എത്തിയപ്പോൾ വരാന്തയിൽ ഒരടിയോളം വെള്ളമുള്ളതായി കാണപ്പെട്ടു. ഉടൻ ഭാര്യയേയും കുട്ടിയേയും വിളിക്കാൻ അകത്തു കടന്നു. വീട്ടിനുള്ളിലോ പുറമുള്ള സ്ഥലത്തോ തന്റെ ഭാര്യയേയും കുട്ടിയേയും കാണുന്നില്ല. മാത്തു സാർ വല്ലാതെ പരിഭ്രമിച്ചു. നാലു കെട്ടിൽ ഇട്ടിരുന്ന രണ്ടായിരത്തിൽപ്പരം നാളികേരത്തിൽ ഒന്നുപോലും കാണുന്നില്ല. വടക്കേക്കെട്ടിന്റെ ഒരു മുറി അടച്ചുപൂട്ടിയിട്ടിരിക്കുന്നു. ജനലിൽ കൂടി അകത്തേയ്ക്കു നോക്കിയപ്പോൾ നാളികേരം മുറിയിൽ കിടക്കുന്നതായി കാണപ്പെട്ടു. സമീപവാസികൾ ആരും തന്നെ ഇല്ല. എല്ലാവരും എല്ലാമുപേക്ഷിച്ചു് പ്രാണരക്ഷയ്ക്കായി ഓരോ കുന്നുകളെ അഭയം പ്രാപിച്ചിരിക്കയാണ്. തന്റെ പ്രിയതമയുടേയും ഓമനയായ കുട്ടിയുടേയും വിവരമറിയാതെ മാത്തു സാർ പരിഭ്രമചിത്തനായി വെള്ളത്തിൽ അങ്ങുമിങ്ങും നീന്തി നടക്കുന്നു. "കൊച്ചുമ്മയും കുട്ടിയും വേറെ വല്ല വള്ളത്തിലും കയറിപ്പോയിട്ടുണ്ടായിരിക്കും" എന്നെല്ലാം വള്ളം ഉന്തുന്നവർ പറയുന്നുണ്ടു്. ആരു കേൾക്കുന്നു! തോടും കുളവും തിരിച്ചറിയാൻ മേലാതെ വെള്ളമുള്ള ആ പുരയിടം മുഴുവൻ നീന്തിത്തുടിച്ചു് നടക്കുമ്പോൾ അതാ ദൂരെനിന്നു് ഒരു സ്ത്രീ ഒഴുക്കിനെതിരായി പണിപ്പെട്ടു നീന്തിവരുന്നു. തന്റെ പ്രിയതമയാണ് അതു് എന്നറിഞ്ഞ ഉടൻ മാത്തു സാർ വായുവേഗത്തിൽ അവിടെ എത്തി കുട്ടി എവിടെ എന്നു് ചോദിച്ചു. ഈ ചോദ്യം കേട്ടപ്പോൾ വെള്ളത്തിൽ നീന്തിത്തന്നെ ക്ഷീണിച്ചിരിക്കുന്ന ആ സ്ത്രീ മോഹിച്ച വീഴ്കയാണ് ചെയ്തതു്. വീഴുന്നതുകണ്ട് മാത്തു സാർ തന്റെ ഭാര്യയെ താങ്ങുകയും ഉടനെ വള്ളം വന്നു ചേരുകയാൽ വള്ളത്തിൽ എടുത്തു കിടത്തുകയും ചെയ്തു. മാത്തു സാറിന്റെ ഈ അവസരത്തിലുള്ള മനോവിചാരങ്ങൾ

എന്തെല്ലാമായിരിക്കുമെന്നു മാന്യവായനക്കാർതന്നെ ചിന്തിച്ചുകൊൾകെ. ഏറെനാളത്തെ പ്രാർത്ഥന, തപസ്സു, വഴിപാടുകൾ ഇവയുടെ ഫലമായി തനിക്കു ലഭിച്ച ഏക സന്താനം നഷ്ടപ്പെട്ട എന്നതന്നെ മാത്തു സാർ നിശ്ചയിച്ചു. നാക്കു പോലും അനക്കാൻ വഹിയാതെ ബോധരഹിതയായി കിടക്കുന്ന ഭാര്യയോടു് എന്തു ചോദിക്കുന്നു! അദ്ദേഹം അക്ഷമനായി അവരോടു പലതും ചോദിക്കുന്നുണ്ടു്. ഉത്തരമായി ഓരോ നെടുവീർപ്പല്ലാതെ മറെറാന്നും കിട്ടുന്നില്ല. വിവരം അറിയാതെ അദ്ദേഹം കുഴങ്ങി. ധീരചിത്തനായ മാത്തു സാറിന്റെ കണ്ണുകളിൽനിന്നും അശ്രുധാര മഴപോലെ ചൊരിഞ്ഞുതുടങ്ങി. ആരാശ്വസിപ്പിക്കുന്നു!! തന്റെ പ്രിയതമ ഇതറിയുന്നുണ്ടോ? താനും ഭാര്യയെപ്പോലെ ആയിത്തീർന്നാലുള്ള വൈഷ്യമത്തെ ഓർത്തു സങ്കടത്തെ പുറത്തു പ്രകടിപ്പിക്കാതെ അധികശ്രമംചെയ്തു ഒരുവിധം അടക്കിവെച്ചു. വല്ലം യൗസേപ്പച്ചന്റെ കടവിൽ അടുത്തു. തുഴയുന്നവരിൽനിന്നും സംഗതികൾ ഏതാണ്ടൊക്കെ മനസ്സിലായപ്പോൾ യൗസേപ്പച്ചനുണ്ടായ വ്യസനത്തെപ്പററി എന്തുപറയട്ടെ. തന്റെ പ്രാണസ്നേഹിതനു നേരിട്ടിരിക്കുന്ന ആപത്തു തനിക്കു നേരിട്ടാലെന്നപോലെ അദ്ദേഹം വേണ്ട ശുശ്രൂഷാന്തിയോടുകൂടി അനന്തരകൃത്യങ്ങൾ ചെയ്തു. ഈ അവസരത്തിൽ യൗസേപ്പച്ചനെപ്പററി അല്പം പറഞ്ഞുകൊള്ളട്ടെ. യൗസേപ്പച്ചൻ നാം വയസ്സുവരെ അവിവാഹനായിതന്നെയാണു് തന്റെ പരിപാവനജീവിതം നയിച്ചതു്. തന്റെ സ്വഭാവത്തിനനുരൂപയായ ഒരു തരുണിയെ കണ്ടുകിട്ടാഞ്ഞതുകൊണ്ടുവന്ന കാലതാമസമായിരുന്നു ഇതു്. ഈ സംഭവം നടക്കുന്നതിനു ആറുമാസത്തിനുമുമ്പു് നല്ലപോലെ പരിചയപ്പെട്ട സുശീലയെന്ന ബോധ്യം വന്നശേഷം ഒരു കന്യകാരത്നത്തിനെ വിവാഹം ചെയ്തിട്ടുണ്ടു്. ബോധമില്ലാതെ കിടന്നിരുന്ന മാത്തു സാറിന്റെ ഭാര്യയെ യൗസേപ്പച്ചൻ തന്റെ ഗൃഹത്തിനുള്ളിൽ പ്രവേശിപ്പിച്ചു് സ്വഭാര്യയെ ശുശ്രൂഷയ്ക്കായി നിയമിച്ചു. ഉത്തമയായ ആ സ്ത്രീയുടെ സ്നേഹപൂർവ്വമായുള്ള പരിചരണത്താൽ അധികം താമസിയാതെ മിസ്സസ്സു് മാത്തുവിന്റെ ബോധക്ഷയവും ക്ഷീണവും പമ്പകടന്നു. താൻ ഒരു സ്വപ്നത്തിൽനിന്നു എഴുന്നേററപോലെ ഏതാനും നിമിഷത്തേയ്ക്കു ആ സ്ത്രീ ആയിത്തീർന്നുയെന്നു പറയുന്നതിൽ തെല്ലും അതിശയോക്തി ഇല്ലതന്നെ. തന്റെ സ്നേഹിത സംസാരിപ്പാൻ ശക്തയായപ്പോൾ മിസ്സസ്സു് ജോസഫ് എല്ലാ വിവരവും ചോദിച്ചറിഞ്ഞു. "മാത്തു സാറിന്റെ ഭാര്യ

കുട്ടിയെ ഉറക്കിക്കിടത്തിയശേഷം വെള്ളത്തിന്റെ സ്ഥിതിയറിവാൻ പറമ്പിലേക്കു നോക്കിയപ്പോൾ നാലുകെട്ടു താഴ്ന്നുകിടക്കുന്നതിനാൽ അവിടെ കൂട്ടിയിരുന്ന നാളികേരം ഒഴുകിപ്പോകുന്നതായി കാണപ്പെട്ടു. ഉടനെ പ്രയാസപ്പെട്ട നാലുകെട്ടിന്റെ വാതിൽ അടയ്ക്കുവാൻ ശ്രമിച്ചു. പക്ഷെ ആ ശ്രമം വിഫലമായിത്തീരുകയാൽ നാളികേരമെല്ലാം പൊങ്ങി വടക്കെ മുറിയിൽ ഇടേണ്ടിവന്നു. ഈ പ്രവൃത്തിയുടെമദ്ധ്യേ കുട്ടിയുടെ ശബ്ദം കേട്ടു. മുഴുവനും പൊങ്കിക്കിട്ടിയശേഷം കുട്ടിയെ എടുക്കാൻ ചെന്നപ്പോൾ അവിടെ കുട്ടി ഇല്ല. അപ്പോൾ തിണ്ണയിൽ വെള്ളം പ്രവേശിക്കാറായിട്ടേയുള്ളൂ. കുട്ടി വരാന്തയിൽ വന്നപ്പോൾ ഒഴുക്കിൽപെട്ട് പോയതാണെന്നു വിചാരിച്ച് പറമ്പിലെല്ലാം അന്വേഷിച്ചു നടക്കുമ്പോഴാണ് മാത്തുസാറും മറ്റും അവിടെ എത്തിയത്.» എന്നീ വിവരങ്ങൾ ആ സ്ത്രീ മാത്തുസാറിനോടും തന്റെ പ്രിയതമനോടും പറഞ്ഞു. തന്റെ സ്നേഹിതന്റെ ഉപദേശപ്രകാരം ഒന്നുകൂടി വീട്ടിൽപോയി കുട്ടിയെ അന്വേഷിക്കാൻ മാത്തു സാർ പുറപ്പെട്ടു. യൗസേപ്പച്ചനും സ്നേഹിതനെ അനുഗമിക്കാതെ ഇരുന്നില്ല. വെള്ളത്തിന്റെ ഉയർച്ച അവസാനിച്ചിരിക്കയാണ്. എങ്കിലുമെന്നാലും ഒഴുക്കിനു വിപരീതമായിട്ടാണ് യാത്ര ചെയ്യേണ്ടിവന്നതു്. വള്ളം തുഴയുന്നവരുടെ സാമർത്ഥ്യം അവർ വേണ്ടപോലെ പ്രകടിപ്പിക്കയാൽ ഒരു മണിക്കൂർകൊണ്ടു് മാത്തുസാറിന്റെ ഗൃഹത്തിൽ എത്തി. അവിടെയുള്ള ഗൃഹസ്ഥലങ്ങൾകൂടി പരിശോധിച്ചിട്ടും ഫലമില്ലാതെ അന്വേഷകന്മാർ ഭഗ്നാശയരായി മടങ്ങുകയാണ് ചെയ്തതു്. തന്റെ ഭർത്താവും മറ്റും 'വെറുംകൈയോടുകൂടി'യാണ് വരുന്നതു് എന്നറിഞ്ഞ മിസ്സസ്സു് മാത്തു, താൻ ചെയ്ത കുറ്റത്തിന്റെ ഗൗരവത്തേയും തന്റെ അവിവേകത്തേയും ശതഗുണമായി കാണുകയും മോഹിച്ചു വീഴുകയുംചെയ്തു. യൗസേപ്പച്ചന്റെ പ്രിയതമ അവിടെ ഇല്ലായിരുന്നുവെങ്കിൽ അവിടെ കിടന്നിരുന്ന കരിങ്കല്ലിൽ വീണ് മാതാവും താമസിയാതെ പുത്രനെ അനുഗമിക്കുമായിരുന്നു. മഹാ മനസ്സുള്ളയായ മിസ്സസ്സു് ജോസഫിന്റെ കാല്പോമിതമായ ശീതോപചരണങ്ങളാൽ ആധിയേറെ വെന്തു വെണ്ണീറാവാൻ തുടങ്ങിയ മാത്തു സാറിന്റെ ഭാഗ്യത്തെ—അതെ തന്റെ സ്നേഹിതയെ—ആ "ദുരവസ്ഥ"യിൽനിന്നും ആ ശ്രേഷ്ഠതരുണി രക്ഷപെടുത്തി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

അക്രമണംനടത്താൻ ഇനി മലയിൽനിന്നും സഹായികൾ ആരുമില്ലെന്നറിഞ്ഞ ഉടൻതന്നെ ഒരു രാത്രികൊണ്ട് ആ ജലപ്രവാഹതസ്കരൻ

മാർഗ്ഗമദ്ധ്യത്തിൽ അവർ ഈ ദുഃഖവാർത്ത അറിയുകയുണ്ടായി.

ആലുവായിൽനിന്നും ഓടി സമുദ്രത്തെ അഭയം പ്രാപിച്ചു. അവന്റെ ഉപദ്രവത്തിൽനിന്നും തങ്ങൾ മോചിക്കപ്പെട്ട എന്നറിഞ്ഞ ഉടൻതന്നെ "മൈസൂർ കടുവാ"യുടെ കാലത്തുണ്ടായിരുന്ന മലബാർ വാസികളെപ്പോലെ, നഷ്ടശിഷ്ടങ്ങൾ എന്തെല്ലാമെന്നറിവാനായി ഓരോരുത്തർ അവരവരുടെ വസതിയിലേയ്ക്കു തിരിച്ചു. ആ കൂട്ടത്തിൽ നമ്മുടെ മാത്തു സാറും ഭാര്യയും തങ്ങളുടെ ഉപകർത്താക്കളോടു ഉപകാരംപറഞ്ഞുകൊണ്ടും നന്ദി പ്രദർശിപ്പിച്ചുകൊണ്ടും സ്വഗൃഹത്തിലേയ്ക്കു പോയി.

ദൈവത്തെ സ്നേഹിക്കയൊ ദൈവത്തോടു പ്രാർത്ഥിക്കയൊ ചെയ്യാത്ത ചില മനുഷ്യരുണ്ട്. അവർ മൈശ്വര്യവാന്മാരായി ജീവിക്കുന്നതുമുണ്ട്. അതു നല്ല ലക്ഷണമല്ല. എന്തെന്നാൽ അനേക ദുഷ്കർമ്മങ്ങൾക്കിടയിൽ അവർ അല്പം ചില സൽപ്രവൃത്തികളും ചെയ്തിട്ടുണ്ടാകും. ദൈവം അതിനെ ഇഹത്തിൽവച്ചു അവർക്കു സമ്മാനം കൊടുത്തു കണക്കുതീർക്കുകയാണ്.

(ആർസിലെ വികാരിയെന്ന പുണ്യവാൻ)

II.

അനവധി നാശങ്ങൾ വരുത്തിക്കൂട്ടിയ വെള്ളപ്പൊക്കവും ഓമനസന്താനത്തിന്റെ വേർപാടും ഉണ്ടായിട്ടു കൊല്ലം എട്ടു കഴിഞ്ഞിരിക്കുന്നു. എങ്കിലും, മാത്തു സാറിനും ഭാര്യക്കും തങ്ങളുടെ ഏക സന്താനത്തിന്റെ നഷ്ടത്തെപ്പറ്റിയുള്ള മനോദുഃഖത്തിനു ഗണ്യമായ കുറവൊന്നും വന്നിട്ടില്ല. ആ സംഭവം ഇന്നലെ നടന്നതെന്നോണം വിചാരിച്ചു അവർ സദാ കണ്ണുനീരും കൈയുമായി കാലംകഴിക്കുന്നു. ഈ അവസരത്തിൽ ദേശസഞ്ചാരമോ ദേശാന്തരവാസമോ നല്ലതാണെന്നതു മഹാന്മാരുടെ അഭിപ്രായം. ഈ അഭിപ്രായത്തെ അനുകൂലിക്കാൻതന്നെ ഒരു സംഭവമുണ്ടായി. ഫയർ പരീക്ഷാവിജയിയായ ഒരു കത്തോലിക്കനെ മൻഷി സ്ഥാനത്തിൽ ആവശ്യമുണ്ടെന്നും കുറഞ്ഞതുക കാണിച്ചു് ഉടൻ അപേക്ഷിക്കണമെന്നും മറ്റും ഒരു പ്രസിദ്ധീകരണം ആലപ്പുഴ ലൈബ്രറീൻതു് ഹൈസ്കൂൾ മാനേജരുടെ വകയായി "ദീപിക"യിൽ കാണപ്പെട്ടു. ആ നോട്ടീസനുസരിച്ചു് രൂ ക. ശമ്പളം കാണിച്ചുകൊണ്ടു് മാത്തു സാർ ഒരപേക്ഷ അയച്ചിരുന്നു. കത്തോലിക്കർ വേറെ അപേക്ഷകരായി ഇല്ലാത്തിട്ടോ എന്തോ ഈ "വേലം" മാത്തു സാറിനുതന്നെ സ്ഥിരപ്പെട്ടു.

അവർ വേദപ്രചാരവേലയിൽ കൂട്ടുതലായി പങ്കുകൊള്ളുന്നു.

അതിനാൽ ആലുവായിൽ തനിക്കുണ്ടായിരുന്ന വസ്തുവകകൾ എല്ലാം യൗസേപ്പച്ചനു രീതികൊടുത്തുകൊണ്ടും ഹെഡ്മാസ്റ്റരുദ്യോഗം രാജിവച്ചുകൊണ്ടും താനും ഭാര്യയും ആലപ്പുഴയ്ക്കു യാത്രയായി. അവിടെ എത്തി താമസസ്ഥലം സൗകര്യമാക്കാനും മറ്റുമായി രണ്ടു ദിവസം വേണ്ടിവന്നു. മൂന്നാം ദിവസംതന്നെ ഹൈസ്കൂളിൽ ചെന്നു ജോലി വഹിക്കയും ചെയ്തു.

ആലപ്പുഴയിൽ വന്നപ്പോൾ ഒരു വേലക്കാരന്റെ സഹായം കൂടിയേതീരൂ എന്നായി. പുതിയ മൻഷിസാറിന്റെ ഭാര്യയുടെ സ്വഭാവം ശരിയായി അറിഞ്ഞിട്ടുള്ളവർ ആലപ്പുഴയിൽ ആരും ഇല്ലായ്കയാൽ ആരംഭത്തിൽ വേലക്കാരെ എത്രവേണമെങ്കിലും കിട്ടുമായിരുന്നു. ഇവിടെ വന്നിട്ട് മാസം രണ്ടേ ആയുള്ളൂ. ഇതിനിടയിൽ മാത്തു സാർ പത്തു വേലക്കാരെ അനെപഷിക്കേണ്ടതായി വന്നു. ഇവരിൽ ആരുംതന്നെ ഒരാഴ്ചയിലധികം വേലക്കായി നിന്നിട്ടില്ല. അതിനാൽ ശമ്പളം വാങ്ങിച്ചുകൊണ്ടുപോകാൻ ആർക്കും ഇടയായിട്ടില്ല; എങ്കിലും രണ്ടുപേർ സാമാനം വാങ്ങിക്കുവാൻ കൊടുത്തിരുന്ന പണവുംകൊണ്ട് കടന്നുകളഞ്ഞിട്ടുണ്ട്. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം ഭാര്യയുടെ നിർഭയത്വംതന്നെ എന്നുള്ള വസ്തുത മാത്തു സാർ നേരത്തേ അറിഞ്ഞിട്ടുള്ളതാണ്. യാതൊരു വിശ്രമവും നൽകാതെ ജോലി ചെയ്യിക്കരുതെന്നും, അവരോടു കുറെ ദയവായി പെരുമാറണമെന്നും, ഈ സ്ഥിതിയിലായാൽ മേലിൽ നമുക്കു വേലക്കാരെ കിട്ടുകയില്ലെന്നും മറ്റും മാത്തു സാർ ദിവസവും സ്നേഹപൂർവ്വം തന്റെ ഭാര്യയെ ഉപദേശിക്കാറുണ്ട്. പക്ഷേ ഫലം നാസ്തിതന്നെ. മൻഷിസാറിന്റെ ഭാര്യയുടെ സ്വഭാവഗുണം ആലപ്പുഴ പട്ടണത്തിലെ മിക്ക വേലക്കാരും അറിഞ്ഞുകഴിഞ്ഞു. തന്റെ വീട്ടിൽ വേലയ്ക്കുനില്ക്കാൻ ആരും ഇല്ലെന്നു വന്നു. വീട്ടുകാര്യങ്ങൾ നോക്കാൻ ഭാര്യ സമർത്ഥയാണെങ്കിലും, ഭാരമേറിയ ഗൃഹജോലികൾ തന്റെ പ്രിയതമയെക്കൊണ്ടു ചെയ്യിക്കണമെന്നതു മാത്തു സാറിന്റെ മനസ്ഥിതിക്കു ചേർന്നതല്ല. എന്നുതന്നെയല്ല, അങ്ങാടിയിലും മറ്റും പോയി സാമാനം വാങ്ങാനും ഒരാൾ കൂടാതെ സാധിക്കയില്ലല്ലോ. അതിനാൽ വീണ്ടും അദ്ദേഹം വേലക്കാരനെ അനെപഷിച്ചു പുറപ്പെട്ടു.

ആലപ്പുഴ സെൻറ് അലോഷ്യസ് ഹൈസ്കൂൾ ബോർഡിംഗിൽ വേലക്കാരനായി അഞ്ചെട്ടുപേർ നിൽപ്പുണ്ട്. ഇവരിൽനിന്നും ഒരാളെ എടുക്കുക കുറേ വിഷമമേറിയ സംഗതിയാണ്; എന്നുതന്നെയല്ല സ്ഥിര

മായി തന്റെ വീട്ടിൽ നിറുത്തുക അതിലും വിഷമമത്രേ. ഹൈസ്കൂൾ ബോർഡിംഗിനോടുചേർന്നതന്നെ ഒരനാഥശാലയുണ്ട്. ഈ അനാഥശാലയിൽ ഇരുപതിൽപരം അനാഥക്കുട്ടികളും ഇപ്പോളുണ്ട്. ഇവരിൽ പ്രായംകൂടിയ ഒരുത്തനെ വേലയ്ക്കു കൊണ്ടുപോരുന്നതു് അനാഥശാലയിലെ നടത്തിപ്പുകാക്കും ഒരു സഹായമായിരിക്കുമല്ലോ എന്നു കരുതി മാത്തൂസാർ തന്റെ ആഗ്രഹം അനാഥശാലയുടെ മാനേജരായ ഒരു കുമ്മഞ്ചീത്താ സഹോദരനെ അറിയിച്ചു. പതിനൊന്നുവയസ്സിൽ കൂടിയവർ ആരും അവിടെയില്ലെന്നും, അവിടെയുള്ളവരിൽ ആരെയും അയക്കുന്നതിനു തനിക്കു വിരോധമില്ലെന്നും, പക്ഷെ കൊണ്ടുപോകുന്നവരെ വേണ്ടപോലെ സംരക്ഷിക്കയും കാലാനുസരണമായ വിദ്യാഭ്യാസം ചെയ്യിക്കയും ചെയ്യേണ്ടതാണെന്നും അപ്രകാരമെല്ലാം സമ്മതിക്കയാണെങ്കിൽ ഒരു സമർത്ഥനായ അനാഥച്ചെറുക്കനെക്കൂടെ അയക്കാമെന്നും അദ്ദേഹത്തോടു അവനെപ്പറ്റിയുള്ള മറ്റു ചില രഹസ്യങ്ങളും മാനേജർ പറഞ്ഞു. മറ്റൊരുമാറ്റവും ഇല്ലായ്കയാൽ മേൽപറഞ്ഞ വാഗ്ദത്തത്തോടുകൂടി കാഴ്ച്ചയ്ക്കു ആരോഗ്യദൃഢഗാത്രനും കോമളനുമായ ഒരു ബാലനേയുംകൊണ്ടു മാത്തൂസാർ സ്വഗൃഹത്തിലേയ്ക്കുപോന്നു. അനാഥച്ചെറുക്കനെ വീട്ടിലോ വേലയ്ക്കു നിയോഗിച്ചശേഷം മാത്തൂസാരും ഭാര്യയുംതമ്മിൽ താഴെകാണുംപ്രകാരം ഒരു സംഭാഷണം നടന്നു.

മാത്തൂസാർ:— പുതിയ വേലക്കാരന്റെ പേരു് ജോജ്ജു് എന്നാണു്. ഇവന്റെ മാതാപിതാക്കന്മാർ ഏറണാകുളത്തുകാരാണു്. മാതാപിതാക്കന്മാർ മതിക്കയാൽ ഇവനെ രക്ഷിക്കാൻ നിവൃത്തിയില്ലാതെ ഇവന്റെ അമ്മാവനായ ഒരീഴവൻ ഇവിടെ കൊണ്ടുവന്നു കൊടുത്തതാണു്.

ഭാര്യ:— അപ്പോൾ ഇവനും ഈഴവന്റെ മകൻതന്നെ.

മാത്തൂ:— അതിനു സംശയമോ. കൊണ്ടുവന്ന ഉടനെ അവനെ മാമോദീസാമുക്കി. ഇവന്റെ അമ്മാവനു വഴിയാത്രയ്ക്കുള്ള പണവും കൊടുത്തയച്ചു.

ഭാര്യ:— അപ്പോൾ ഒരു കൂട്ടിയെക്കൊണ്ടുപോയിക്കൊടുത്താൽ അവർ രക്ഷിക്കുമാത്രമല്ല, പണവുംകൂടി കൊടുക്കുമല്ലോ?

മാത്തൂ:— ഈ കുട്ടിയെ കൊണ്ടുവന്നവൻ, അവന്റെ കഷ്ടപ്പാടുകൾ എല്ലാം പറകയാലും, ആലപ്പുഴനിന്നും മടങ്ങിപ്പോരാൻ നിവൃത്തിയില്ലെന്നു അറിയിച്ചതുകൊണ്ടും മാത്രമാണു് ആ ഈഴവനു പണം

കൊടുത്തയച്ചതു്. വേറെ ആക്കും അനാഥശാലയിൽനിന്നും ഇതേ വരെ പണം കൊടുത്തിട്ടില്ലെന്നു അദ്ദേഹം എന്നോടു പറഞ്ഞു.

ഭാര്യ:— ഈ അനാഥകുട്ടികളെ വളർത്താനും പഠിപ്പിക്കാനും അവിടെ ആരാണുള്ളതു്?

മാത്തു:— അവിടെ എല്ലാവരും വേലക്കാരും മേൽനോട്ടത്തിനായും അവരെ പഠിപ്പിക്കുന്നതിനായും ഒരു കമ്മലീത്താ സഹോദരനും ഉണ്ടു്. നമ്മുടെ പുതിയ വേലക്കാരൻ അവിടെയുള്ളവരിൽ സമർത്ഥനാണെന്നും പഠിപ്പിക്കണമെന്നും വേണ്ടപോലെ സൂക്ഷിച്ചു വളർത്തണമെന്നും മറ്റുമാണു് മാനേജർ എന്നോടു പറഞ്ഞിട്ടുള്ളതു്.

ഭാര്യ:— അനാഥപ്പൊടുക്കനെ വേലയ്ക്കായിട്ടല്ലാ പഠിപ്പിക്കാൻ കൊണ്ടുവന്നതാണോ?

മാത്തു സാർ:— "അവനെ പഠിപ്പിക്കയും വേല എടുപ്പിക്കയും മെയ്യേണ്ടതാണു്. വാശ്രമമനുസരിച്ചു നാം ചെയ്തില്ലെങ്കിൽ അവനെ അനാഥശാലയിലേക്കു വിളിച്ചുകൊള്ളും. പുതിയ വേലക്കാരനായതുകൊണ്ടു് അവനു അടുക്കളവേലയിൽ പരിചയം ഉണ്ടായിരിക്കയില്ല. കുറെ ദിവസത്തേയ്ക്കു് ഭവതിയുടെ ഉപദേശവും സഹായവും കൂടാതെ അവനു നിവർത്തിയില്ല."

തന്റെ പ്രിയതമന്റെ ഈ വാക്കുകൾ കേട്ടപ്പോൾ മിസ്സസ്സു് മാത്തു വേലക്കാരനെ സഹായിക്കാൻതന്നെ അടുക്കളയിലേയ്ക്കു പോയി.

ആദ്യത്തെ ഒരാഴ്ചകൊണ്ടു് ജോജ്ജിനു അടുക്കളവേല മുഴുവൻ വശമായി. ബുദ്ധിമാനും ശാന്തനുമായ ഈ വേലക്കാരൻ തന്റെ ജോലികളെല്ലാം വളരെ സൂക്ഷ്മത്തോടും ഉത്സാഹത്തോടും കൂടി ചെയ്യുവന്നു. വേലക്കാരന്റെ ന്യൂനതകളോ അവനെപ്പറ്റിയുള്ള ആക്ഷേപങ്ങളോ ഒന്നുംതന്നെ കേൾക്കാനില്ലാത്തതിനാൽ മാത്തു സാർ തന്റെ ഭാര്യയുടെ പഴയ സ്വഭാവം മാറി എന്നു വിചാരിച്ചു സന്തോഷിച്ചു. എന്നാൽ അതു തന്റെ ഉപദേശംകൊണ്ടു ചാരംപിടിച്ച തീക്കൊള്ളിപോലെ പ്രകാശിക്കാതെ ഇരുന്നതിനാൽ മാത്രമാണു്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മാത്തു സാർ വേലക്കാരനു ഒരു ഒന്നാംപാഠപുസ്തകവും സ്ലേറ്റും വാങ്ങിച്ചുകൊടുത്തു. പുസ്തകവും സ്ലേറ്റും കിട്ടിയപ്പോൾ ജോജ്ജിനുണ്ടായ സന്തോഷത്തെപ്പറ്റി എന്തു പറയട്ടെ! വേലയുടെമദ്ധ്യേ അല്പസമയം കിട്ടിയാൽ അവൻ ഉടനെ പുസ്തകമെടുക്കും. പൊടി വല്ലതും പറ്റിയൊ എന്നു നോക്കും. അടുക്കളയിൽ മൂന്നുനേരവും പിടിപ്പതു

ലോകരാജാക്കന്മാർ സ്ഥാനവസ്ത്രങ്ങൾ കല്പിച്ചു കൊടുക്കുന്നു.

ജോലിയുള്ളതുകൊണ്ട് പകൽസമയം അവനു പുസ്തകം വായിക്കാൻ സാധിച്ചില്ല. അക്ഷരങ്ങളെല്ലാം അനാഥശാലയിൽവച്ചുതന്നെ പഠിച്ചിരുന്നതുകൊണ്ട് ഇനി വായന ശീലിക്കേണ്ട ഏർപ്പാടാണുള്ളതു്. സന്ധ്യയ്ക്കുമുമ്പ് അവൻ അത്താഴത്തിനുള്ള അരിയും കറിയും പാകമാക്കി "കൊച്ചമ്മ"യെ ഏല്പിക്കും. (മാത്തൂസാറിന്റെ ഭാര്യയെ വേലക്കാരൻ കൊച്ചമ്മ എന്നാണു വിളിക്കുന്നതു്) പ്രാർത്ഥനയും ഉണ്ണലും കഴിഞ്ഞാലുടനെ ജോജ്ജു് പുസ്തകവുമായി മാത്തൂസാറിന്റെ അടുത്തെത്തും. വേലക്കാരന്റെ ഉത്സാഹത്തെക്കണ്ട മാത്തൂസാർ സന്തോഷത്തോടുകൂടി അവനെ ഓരോമണിക്കൂർ പഠിപ്പിച്ചുതുടങ്ങി. മാത്തൂസാറിന്റെ അടുക്കലുള്ള പാഠം കഴിഞ്ഞാൽ അന്നന്നു പഠിച്ചഭാഗം അവൻ പല ആവർത്തി വായിക്കയും സ്ലേറ്റിൽ പകർത്തുകയും ചെയ്യുവന്നു. രാത്രി ഏകദേശം ഒരു മണി ആയതിനുശേഷമേ അവൻ കിടക്കയുള്ളു. ഇങ്ങനെയുള്ള നിരന്തര ശ്രമത്താൽ ഒരു മാസം കഴിഞ്ഞപ്പോൾ അവന്റെ ശരീരം മെലിഞ്ഞും മുഖം വാടിയും കണ്ണുകൾ കുഴിഞ്ഞും ആകപ്പാടെ വലിയ ക്ഷീണാവസ്ഥയെ പ്രാപിച്ചു. ഈ മുഴുങ്ങിയ സമയംകൊണ്ടു വേലക്കാരൻ ഒന്നാംപാഠപുസ്തകം (പഴയ ഒന്നാംപാഠം) മിക്കവാറും പഠിച്ചുകഴിഞ്ഞു എന്നു പറയാം. തന്റെ ഭർത്താവു ബുദ്ധിമുട്ടുന്നതുകണ്ടുള്ള സങ്കടംകൊണ്ടോ, അഥവാ വേലക്കാരന്റെ അഭിവൃദ്ധിയാലുള്ള അസൂയകൊണ്ടോ എന്തോ ഒരുമാസം കഴിഞ്ഞപ്പോൾ ഇങ്ങനെയുള്ള പഠനം ജോജ്ജിനു "കൊച്ചമ്മ"യുടെ നിർബ്ബന്ധത്താൽ നിറുത്തേണ്ടിവന്നു.

"നിനക്കു ഇപ്പോൾ തന്നത്താൻ വായിക്കാനറിയാമല്ലോ. വേലക്കാരൻ ഇത്രയൊക്കെ പഠിച്ചാൽ മതി. പകൽ മുഴുവൻ ഇംഗ്ലീഷ് സ്കൂളിൽ പോയി പത്തിരുന്നൂറു കുട്ടികളെ പഠിപ്പിച്ചുകൊണ്ടു രാത്രിയെങ്കിലും ആശ്വസിക്കാമെന്നുകരുതിവരുന്ന ആളിനെ നീ ഉറക്കുകകൂടിയില്ലല്ലോ. നേരം വെളുക്കുന്നതുവരെ നിനക്കുവേണ്ടി മണ്ണെണ്ണ ചിലവാക്കാൻ ഇവിടെ സാധിക്കയില്ല" എന്നെല്ലാം ശകാരിക്കുന്ന "അമ്മച്ചി"യുടെ നേരെനിന്ന് അനാഥനായ ആ ബാലനു എന്തു പറവാൻ സാധിക്കും! കൊച്ചമ്മയുടെ ശകാരങ്ങളേയും ദുർമുഖത്തേയും പേടിച്ചു പിറേറദിവസംമുതൽ മാത്തൂസാറിന്റെ അടുക്കൽ പഠിക്കാൻ പോകുകയാവട്ടെ തനിക്കുവേണ്ടി രാത്രി മണ്ണെണ്ണ ചിലവാക്കുകയാവട്ടെ ആ ബാലൻ ചെയ്തില്ല. രാവിലെ ഒമ്പതുമണിക്കു എഴുന്നേറ്റു വേല ആരംഭിച്ചാൽമാത്രമേ വൈകുന്നേരത്തെ ഭക്ഷണം തയ്യാറാക്കാൻ സാധിക്കയുള്ളു. ഒരു മിനിട്ടുനേരവും

അതു ധരിക്കുന്നതു് വലിയ ബഹുമതിയായി മനുഷ്യർ കരുതുന്നു.

ആശ്വസിക്കാൻ നിവൃത്തിയില്ലാത്തവണ്ണത്തിൽ ഇപ്രകാരം രാത്രി ഒമ്പതുമണിവരെ ഇപ്പോൾ ജോലി ചെയ്യേണ്ടതായിവന്നിരിക്കുന്നു. തണുപ്പുകാലമാകയാൽ തന്റെ സ്വാമിക്കും സ്വാമിനിക്കും വെള്ളം ചൂടാക്കികൊടുക്കുക എന്ന കൂട്ടത്തൽ ജോലിയാണ് ഇപ്പോൾ നേരിട്ടിട്ടുള്ളത്. പാവപ്പെട്ട വേലക്കാരന്റെ ദയനീയാവസ്ഥ കണ്ടു് താൻ പച്ചവെള്ളം കോരി കൂളിച്ചുകൊള്ളാമെന്നു മാതൃസാർ സമ്മതിച്ചു അപ്രകാരം ചെയ്തുതുടങ്ങി. എന്നിട്ടും കൊച്ചമ്മയ്ക്കു കുളിക്കാൻ ചൂടുവെള്ളം കിട്ടിയേ മതിയാവൂ. ഈ ജോലിക്കൂടി വന്നപ്പോൾ ക്ഷീണിച്ചിരിക്കുന്ന ജോജ്ജിന്റെ സ്ഥിതിയെപ്പറ്റി എന്തു പറയട്ടെ. ശരീരത്തിന്റെ കൊഴുപ്പു രീതിയിൽ നശിച്ചു് എല്ലും തോലും മാത്രമായിത്തീർന്നിരിക്കയാണ്. തെല്ലുപോലും കരുണയില്ലാത്തതായ കൊച്ചമ്മയുടെ സ്വഭാവം ഭേദപ്പെടുകയില്ലെന്നും, തന്റെ സ്വാമി ഭാര്യയെ ധിക്കരിച്ചു് യാതൊന്നും പ്രവർത്തിക്കയില്ലെന്നും ജോജ്ജിനു മനസ്സിലായപ്പോൾ ഏതെങ്കിലുമവിധത്തിൽ തന്റെ ഇപ്പോഴത്തെ സങ്കടം ആദ്യത്തെ രക്ഷിതാവും തന്നോടേറ്റം കരുണയുള്ള ആളുമായ അനാഥശാലയിലെ മാനേജരെ അറിയിക്കണമെന്നതന്നെ അവൻ നിശ്ചയിച്ചു. ഒരു ദിവസം അടുത്തുള്ള കടയിൽ പോകുന്നവഴി ജോജ്ജ് നടന്നുക്ഷീണിച്ചു അനാഥശാലയിൽ കയറിച്ചെന്നു. മാനേജരെ കണ്ടപ്പോൾ അവൻ അദ്ദേഹത്തിന്റെ മുമ്പിൽ കരഞ്ഞുകൊണ്ടു് വീഴുകയാണ് ചെയ്തതു്. താഴെ വീഴുന്നതിനുമുമ്പായി അദ്ദേഹം പിടിച്ചുകൊണ്ടു് ഇതാരാണ് എന്നു നല്ലപോലെ സൂക്ഷിച്ചുനോക്കിയപ്പോൾ മാത്രമാണ് തന്റെ വാത്സല്യഭാജനപുത്രനായ ജോജ്ജിനെ മനസ്സിലായതു്. അഹോ! രണ്ടു മാസം തികയുന്നതിനുമുമ്പു് എത്രയോ വലുതായ മാറ്റം സംഭവിച്ചിരിക്കുന്നു. സ്നിഗ്ധകോമളഗാത്രനായിരുന്ന ജോജ്ജിന്റെ ശരീരം ശോഷിച്ചു് വിറകുകൊള്ളികൾപോലെ ആയിത്തീർന്നിരിക്കുന്നു!! ആ വന്ദ്യ സഹോദരൻ ജോജ്ജിനെ ആലിംഗനം ചെയ്തുകൊണ്ടു് വിവരമെല്ലാം ചോദിച്ചറിഞ്ഞു. സംഗതികളെല്ലാം അറിഞ്ഞപ്പോൾ ഇനി വേലയ്ക്കായി പോകേണ്ടെന്നും അവിടെ ചെന്നു യാത്രപറഞ്ഞു പോരാം എന്നുവെച്ചാൽ അവർ അയയ്ക്കാതിരിക്കുമെന്നും പറഞ്ഞു് അദ്ദേഹം അവനെ അനാഥശാലയിൽ താമസിപ്പിച്ചു. മാതൃസാറിന്റെ വീട്ടിൽ വേറൊരാളുടെ കൈവശം സാമാനം വാങ്ങികൊടുത്തയക്കയും അയാൾ മുഖാന്തിരം ജോജ്ജ് ഇനിമേൽ വേലയ്ക്കായി വരുകയില്ലെന്നു അറിയിക്കയും ചെയ്തു. (തുടരും.)

വെറുതെയുള്ള സഹായം കല്പിച്ചുകൊടുക്കുന്ന സ്ഥാനവസ്തുമാണ്.

ഒരു മഹൽ കൃത്യം.

(കെ. കെ. കവലക്കാട്ട്.)

ഏഴുപതു കൊല്ലങ്ങൾക്കുമുമ്പു് « അനാഞ്ഞി » ക്കും, « കാർപിയെന്റാ » യിക്കും മദ്ധ്യേയുള്ള രാജപാതയിൽക്കൂടി ഒരു കുതിരവണ്ടി കടന്നു പോകയായിരുന്നു. അതിൽ ശോഷിച്ച ശരീരപ്രകൃതിയോടുകൂടിയ ഒരു ബാലനും അയാളുടെ ഉദ്യോഗസ്ഥനും ഇരിക്കുന്നുണ്ടായിരുന്നു. അവർ ഒരു കുന്നിന്റെ അടിവാരത്തു് എത്തിയപ്പോൾ ഭേഹമാസകലം പൊടി പുരണ്ടും ഇടയന്റെ വേഷത്തിലും അതിയായ വേദനയാലെന്നപോലെ സങ്കടപ്പെട്ടും കരയുന്ന ഒരു സാധുകുട്ടി വഴിയരികെ ഇരിക്കുന്നതു കണ്ടു. മുറിഞ്ഞും നീരുവന്നുവീർത്തും ഇരുന്ന അവന്റെ പാദത്തിൽനിന്നു് ചോര ഒലിച്ചിരുന്നു. വണ്ടി അവനെ സമീപിച്ചപ്പോൾ കുതിരകളെ നിറുത്തി, അതിൽ ഉണ്ടായിരുന്ന ബാലൻ ഇറങ്ങി ആ ഇടയച്ചെറുക്കനോടു് അവൻ ഇത്ര സങ്കടപ്പെട്ട കരയുന്നതിന്റെ കാരണവും ചോദിച്ചു. അവൻ അതിനുത്തരമായി, ഒരു ഭാരവണ്ടി അവന്റെ പാദത്തിന്മേൽ കയറിയെന്നും, വണ്ടിക്കാരൻ ഈ സംഭവം കാണാഞ്ഞിട്ടോ അല്ലെങ്കിൽ ശ്രദ്ധിക്കാഞ്ഞിട്ടോ എന്നറിഞ്ഞില്ല, വേഗത്തിൽ വണ്ടിയോടിച്ചു് അവിടം കടന്നുകളഞ്ഞു എന്നും പറഞ്ഞു.

ബാലൻ:— നിനക്കിപ്പോൾ നടക്കാൻ വയ്യാ, അല്ലെ!

ഇടയച്ചെറുക്കൻ:— ഒരടി വയ്ക്കാൻ മേല. എന്റെ പാദം വല്ലാതെ വേദനിക്കുന്നു. സഹിക്കുവയ്യാ.

ഉൽകൃഷ്ടകുലജാതനായ നമ്മുടെ ബാലന്നു് അവനിൽ അലിവു തോന്നി, അല്പം അകലെ ഒഴുകിക്കൊണ്ടിരുന്ന തോട്ടിൽ പോയി തന്റെ തൊപ്പിയിൽ കുറച്ചു വെള്ളം എടുത്തുകൊണ്ടുവന്നു് മുറിവേറ്റ ആ കുട്ടിക്കു് കുടിപ്പാൻ കൊടുത്തു. പിന്നീടു് രക്തം ഒലിച്ചിരുന്ന അവന്റെ പാദം തന്റെ കഴുത്തിലുള്ള പട്ടുതൂവാല കൊണ്ടു് മുറിവു് കെട്ടി.

ബാലൻ:— നീ എവിടെയാണു് താമസിക്കുന്നതു്?

ഇടയച്ചെറുക്കൻ:— (ദൂരെ കാണാവുന്ന ഒരു മലയുടെ ചരിവു ചൂണ്ടിക്കാണിച്ചിട്ടു്) അതാ! അവിടെയാണു്.

ബാലൻ:— അന്യസഹായംകൂടാതെ നിനക്കു് അവിടെ എത്തുവാൻ പാടില്ലല്ലൊ. ആകട്ടെ, നിന്നെ ഞാൻ « കാർപിയെന്റാ » യിലേക്കു് കൊണ്ടുപോകാം. അവിടെ ആശുപത്രിയുണ്ടു്. നിന്റെ

അതു ധരിക്കുന്നതു് നമുക്കു് എത്രവലിയ ബഹുമതിയാണു്.

മുറിവു് പൊറുപ്പിക്കാം» എന്നു പറഞ്ഞു. മന്ദഹാസത്താൽ കൃതജ്ഞതപ്രകാശിപ്പിച്ച ആ ഇടയനെ നമ്മുടെ ബാലൻ സഹായിച്ചു് വണ്ടിയിൽ കയറ്റി ഇരുത്തി. ഇതുകണ്ടു് അതിൽ ഉണ്ടായിരുന്ന ഗുരുനാഥൻ «യോവാക്കിം! നീ എന്താണീച്ചെയ്യുന്നതു്» എന്നു മോദിച്ചു.

ബാലൻ:— ഒരു കുസ്സൃനിയുടെ കടമയാണു് ഞാൻ നിവൃത്തിക്കുവാൻ പോകുന്നതു്. നിരാശ്രയനായ ഈ കുട്ടിയെ ഇവിടെ ഈ റോട്ടരികെ ഇട്ടുംവച്ചു് പോകാമോ?

ഗുരുനാഥൻ:— നിന്റെ മാതാപിതാക്കന്മാരെന്തു് പറയുമെന്നറിയാമോ?

ബാലൻ:— എന്റെ പ്രവൃത്തി ശരിയായി എന്നല്ലാതെ അവർക്കു് എന്താണു് പറവാനുള്ളതു്? സങ്കടം അനുഭവിക്കുന്ന ഒരുത്തനെ സഹായിക്ക എന്നതു് അസാധാരണമായാണോ?

ഗുരുനാഥനു് സമ്മതമായി. സന്തോഷത്തോടെ ശിഷ്യന്റെ ഉരത്തിന്മേൽ തടവി. വണ്ടി അതിന്റെ വഴിക്കു് പോയ്ക്കൊണ്ടിരുന്നു. അവൻ സഭവനത്തിൽ എത്തിയപ്പോൾ, തന്റെ മകൻ കൊണ്ടുവന്ന പ്രാകൃതവേഷക്കാരനായ ആ ചെറിയ വിരുന്നുകാരനെ കണ്ടു് യോവാക്കിമിന്റെ അമ്മ ആശ്ചര്യഭരിതയായി. ആ കുട്ടിക്കു് സംഭവിച്ചതു് കേൾക്കയും അവന്റെ മുഖത്തു് സ്മരിച്ചുകൊണ്ടിരുന്ന കൃതജ്ഞതയുടെ ലക്ഷണങ്ങൾ കാണുകയും ചെയ്തതിൽ അവരുടെ വീട്ടു വൈദ്യനെ വരുത്തുവാൻ ഭൃത്യനെ അയച്ചു. യോവാക്കിമിന്റെ മുഖകമലം സന്തോഷത്താൽ പ്രശോഭിതമായി എന്നു പറയേണ്ടതില്ലല്ലൊ.

ബാലൻ:— അമ്മേ! ഞാൻ ചെയ്തതുചിതമാണോ?

അമ്മ:—«എന്റെ കുഞ്ഞേ! നിന്റെ ഈ പ്രവൃത്തി വളരെ നന്നായി» എന്നുപറഞ്ഞു് മകനെ സ്നേഹപൂർവ്വം മാറത്തണച്ചു് ആലിംഗനംചെയ്തു.

അന്നു് ഒരു ഇടയച്ചെറുക്കന്റെ സങ്കടം കണ്ടു് മനസ്സലിഞ്ഞു് അവനെ ശുശ്രൂഷിച്ചതുപോലെ മനുഷ്യലോകത്തിന്റെ വ്രണങ്ങൾ സുഖപ്പെടുത്തുന്നതിനായി ദൈവം ആ ബാലനെ തിരിഞ്ഞെടുത്തു് ഉന്നതപദവിയിലേയ്ക്കുയർത്തി. തന്നെയല്ല, ലോകത്തിലെ സകലവിധ കഷ്ടപ്പാടുകളിലും സഹതപിക്കത്തക്ക വിസ്തൃതമായ ഒരു ഹൃദയത്തെ പരമകാരുണികനായ ദൈവം അവനു നൽകുകയും ചെയ്തു. ആ ബാലൻ ആരായിരുന്നു? വിശ്വവിശ്രുതകീർത്തിമാനായ പതിമൂന്നാം ലെയോൻ മാപ്പാപ്പായല്ലാതെ മറ്റാരുമല്ല.

സ്ഥാനവസ്ത്രങ്ങൾ നമ്മുടെ ഉന്നതനിലയെ കാണിക്കുന്നു.

അലോഷ്യസിന്റെ ലോകത്യാഗം.

(iii)

(ശ്രീമാൻ കെ. ജെ. അഗസ്റ്റിൻ എം. എ., എൽ. ടി.)

(ഒന്നാംലക്കത്തിലെ വർഷാംപെയിജിന്റെ തുടർച്ച.)

സീൻ 4.

[അരമനയിലെ ഹാൾ; പ്രഭുവും, മന്ത്രിയും, അലോഷ്യസിന്റെ ഗുരുവായ പീറ്റർ പ്രാൻസീസും ഉദ്യോഗസ്ഥരുമുണ്ട്.]

പ്രഭു: സ്നേഹിതാ! മന്ത്രി നിങ്ങളോട് പറഞ്ഞ കാര്യത്തെപ്പറ്റി കുമാരനോടു നിങ്ങൾ സംസാരിച്ചോ?

പീറ്റർ: ഉവ്വ്; "അലോഷ്യസിനു അതു സമ്മതമല്ല" എന്നാണ് മറുപടി.

പ്രഭു: അതിനുള്ള കാരണം?

പീറ്റർ: ഒരു ശ്രേഷ്ഠഭവനത്തിൽ ചേർന്നു സന്യസിക്കുവാനാണ് അദ്ദേഹം ആഗ്രഹിക്കുന്നതത്രേ!

പ്രഭു: അതു ഞാൻ ഒരിക്കലും അനുവദിക്കുകയില്ല.

പീറ്റർ: പ്രഭോ! അങ്ങിനെ കല്പിക്കരുതു്. അതു ദൈവത്തിനു ഇഷ്ടമാകുകയില്ല.

പ്രഭു: (കോപത്തോടെ) നിങ്ങളുടെ പ്രസംഗം മതിയാക്കുക. എന്തു്? പേടിതന്നെ വിളവു തിന്നുന്നോ? അലോഷ്യസിനെ സന്യാസത്തിൽനിന്നു വിമുക്തനാക്കുവാൻ നിയുക്തനായ നിങ്ങൾ ഇങ്ങിനെയാണോ പറയേണ്ടതു്? നന്ദിഹീനൻ!

പീറ്റർ: അങ്ങു എന്തും പറഞ്ഞുകൊള്ളുക. പക്ഷേ, കാര്യമറിയാതെ ഒരുവനെ ശകാരിക്കുന്നതു് ന്യായമല്ല. ഞാൻ അങ്ങയുടെ ഭാഗം പിടിച്ചു് എന്തുമാത്രം ന്യായവാദം നടത്തിയെന്നു് അങ്ങറിയുന്നില്ല. അലോഷ്യസിന്റെ സമാധാനം നേരിട്ടു കേട്ടിരുന്നെങ്കിൽ അങ്ങു എന്നെ അന്യായമായി കുറ്റപ്പെടുത്തുകയില്ലായിരുന്നു. (വ്യസനത്തോടെ.)

പ്രഭു: (ശാന്തനായി) സ്നേഹിതാ! ക്ഷമിക്കുക. വാർദ്ധക്യവും രോഗവും മൂലം ക്ഷീണിച്ചിരിക്കുന്ന മനസ്സു പെട്ടെന്നു ക്ഷോഭിച്ചുപോയതാണു്. (ഉച്ചത്തിൽ) ആരവിടെ? (പ്രവേശിച്ച ഭൃത്യനോടു്) നീ പോയി അലോഷ്യസിനെ വേഗം കൂട്ടിക്കൊണ്ടുവരിക. (ഭൃത്യൻ പോയി.)

വെനീഷ്യൻ ദേവമാതാവിനോടുള്ള നമ്മുടെ ബന്ധത്തെ കാണിക്കുന്നു.

മന്ത്രി: കുമാരന്റെ മാതാവു ഇപ്പോൾ അരമനയിലില്ലാത്തതു വിധായാലും നന്നായി. അല്ലെങ്കിൽ അമ്മയും മകനും ഒരു കയ്യായിനിന്നു ശാപം പിടിപ്പിച്ചേനേ.

(അലോഷ്യസ് പ്രവേശിക്കുന്നു.)

അലോഷ്യസ്: ഗാനം—(അയ്യാപഴനിമലൈവേലാ എ. മ.)

ഫ. രാജാധിരാജയേശുരാജാ! ദിവ്യസ്നേഹവരം തരിക ദേവാ!
നീതാനെന്നിക്കുഗതി നാഥാ! മോക്ഷ ഭാഗ്യമതുളീടുകരംശാ!

ര. മായാലഹരിയേറ്റു മയങ്ങി–മർത്ത്യ ജാലം മറന്നു ഭാവി കാലം
ലോകസുഖങ്ങൾ തേടിയലഞ്ഞു–ദീനരായി വലഞ്ഞീടുന്നു പലരും.

ന. ശരണം! കനിഞ്ഞീടുകയിവനിൽ–നിത്യനാശം തടഞ്ഞീടുകവിരവിൽ
മോശവഴിപൊയാഴിച്ചു രക്ഷിതം–സർവ്വേശാ! തടഞ്ഞീടുക ദുരിതം.

പ്രഭുവേ, വന്ദനം! പിതാവെ, നമസ്കരിക്കുന്നു. ഏതുനാ ഉടനെ കൂട്ടിക്കൊണ്ടുവരുവാൻ കല്പനയുണ്ടായതെന്തിനാണ്?

പ്രഭു: അലോഷ്യസേ! നിന്നോടു് വളരെ ഗൗരവമേറിയ ഒരു കാര്യത്തെപ്പറ്റി സംസാരിപ്പാനുണ്ട്.

അലോഷ്യസ്: അമ്മാവന്റെ ഉപദേശങ്ങൾ കേട്ടു നടക്കുകയും, അഭിലാഷങ്ങൾ സാധിക്കുന്നതിനു് ശ്രമിക്കുകയും ചെയ്യേണ്ടതു് എന്റെ മുറയാണു്. അതിനാൽ അമ്മാവൻ പറയുവാൻപോകുന്ന കാര്യം ശ്രദ്ധിച്ചുകേൾക്കുന്നതിനു് ഞാനിതാ തയാർ.

പ്രഭു: മകനെ! എന്റെ സുഖക്കേടു് വർദ്ധിച്ചുവരുന്നു; മനസ്സിന്റെ തന്റേടം കുറഞ്ഞുവരുന്നു; ഭരണനിപുണത ക്ഷയിച്ചുവരുന്നു. മരണസമീപ്യബോധം അധികരിക്കുകയും, ശേഷിച്ചിരിക്കുന്ന നാളുകൾ ദൈവശുശ്രൂഷയ്ക്കു് പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള മോഹം വളരുകയും ചെയ്യുന്നു. അതിനാൽ

ഗാനം—(കല്ലോക്കും കരുവക്കും എ. മ.)

ഫ. ചൊന്നീടാം കോമളാംഗാ! കണ്മണിയെ! സുതനെ! ഞാൻ
നന്നായി ചിന്തചെയ്തു രീച്ചചെയ്തു വഴിയെ.

ര. അവശനാം എനിക്കുനിന്നു രാജ്യഭാരഭാരത്തെ
അവകാശിയായ തനയനേറീടുക വേണം. (ചൊ.)

വെറുതിഞ്ഞ ഡിരിക്കുന്ന ഭക്തന്മാരെ മാതാവു പ്രാർത്ഥിക്കുകയും സഹായിക്കും.

നേ. അതിനാൽ നീ നരപതിയായ് വാണീടണമുടനെ
അതിയായ കുതുകമുളവാം സകല ദിശിയും സൂനോ! (ചൊ.)

അലോഷ്യസ്: ഗാനം— (അല്ലിയെൻറും പേരുടയ പ്ര. മ.)

ക. പ്രീയ താതാ! ദൈവഹിതം-എവ്വിധമാണതുപോലെ
സംഭവിക്കും-സ്വീകരിക്കുമേ-ആയതിനാൽ വേണ്ടേ ഖേദം.

ഖ. കഷ്ടതകൾ ജീവിതത്തിലെത്തീടുമതു സഹജം
തുഷ്ടിയോടെ-നാമവയെ-സ്വീകരിച്ചീടുകവേണം. (പ്രീയ)

നാ. അപകടമുള്ള സങ്കടത്തിൽ-രക്ഷകൊള്ളാനുള്ള മറ
നിശ്ചയമായ്-യുണ്ടെന്നിക്കു-തോന്നീടുന്നില്ലയതു. (പ്രീയ)

ഘ. രാജസൂനു ഞാനെന്നാലും-രാജ്യഭാരമേറീടുവാൻ
ഇച്ഛയില്ല-പ്രീതിവേണ്ട-സന്തുഷ്ടിപ്പാൻ മോഹം മമ. (പ്രീയ)

പ്രഭു: മകനെ! നിന്റെ ഈ മറുപടി ബുദ്ധിപൂർവ്വമല്ല.

(തുടരും.)

സമയം വ്യർത്ഥം കളയരുതേ, സമയം നമ്മുടെ കൈവിട്ടുപോകയും നമ്മൾ നിത്യതയിൽ പ്രവേശിക്കയും ചെയ്യുമ്പോൾ മാത്രമെ സമയത്തിന്റെ വില നമ്മൾ അറിയൂ.

* * *

ഒരിക്കൽ ഒരു മതദ്രോഹൻ നെപ്പോളിയന്റെ അടുത്തുചെന്നു ഒരു പുതിയമതം സ്ഥാപിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചു വാദിച്ചു. നെപ്പോളിയൻ അതിനു മറുപടിയായി "താൻ മരിക്കുക, എന്നിട്ടു മൂന്നാം ദിവസം വീണ്ടും ജീവനോടു വരിക. എന്നാൽ താൻ പറയുന്നതു സ്വീകരിക്കാം" എന്നു പറഞ്ഞു.

* * *

ഇവിടത്തിൽ നമ്മുടെ ആലോചനയ്ക്കു വിഷയമാകേണ്ടതു എന്തുകൊണ്ടാണു: ഈ നിമിഷത്തിൽ മരിച്ചു ദൈവതിരുമുമ്പിൽ ചെന്നാൽ എനിക്കു ധൈര്യമുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു? പാപം ആത്മാവിൽ ഉള്ളതുകൊണ്ടാണോ? എന്നാൽ ഉടനെ കുമ്പസാരിക്കുക. അപ്പോൾ ധൈര്യവും മനസ്സമാധാനവുമുണ്ടാകും.

അതിനു അനേകം ദൃഷ്ടാന്തം ചരിത്രത്തിലുണ്ടു.

പ്രാർത്ഥനയുടെ ഫലം.

(ഒരു സംഭവ കഥ.)

ശ്രീമാൻ സി. എ. മാത്തു, കല്ലൂർ.

കുറെ കൊല്ലങ്ങൾക്കുമുമ്പെ സ്കോട്ലാണ്ടിലെ ഹൈലാൻഡ്സ് എന്നീ മലമ്പ്രദേശങ്ങളിൽക്കൂടി വേഷാന്തരനായ ഒരു വയോധികൻ കുതിരയോടിച്ചു പോകുകയായിരുന്നു. പ്രോട്ടസ്റ്റാണ്ട് നവീകരണത്തിനു ശേഷം കത്തോലിക്കാമതാചാരപ്രകാരമുള്ള വൈദീക ശുശ്രൂഷണങ്ങൾ രാജദ്രോഹങ്ങളായി കണക്കാക്കിയിരുന്നതുകൊണ്ട് അങ്ങിനെയുള്ള കുമ്പങ്ങളെ ആശ്രയിക്കുന്നവരുണ്ടെങ്കിൽ അവർക്ക് ശുശ്രൂഷ ചെയ്വാൻ വേണ്ടി പ്രാണൻ പണയപ്പെടുത്തി ഇറങ്ങിയ ഒരു കത്തോലിക്ക മെത്രാനായിരുന്നു ആ മഹാൻ. ഹൈലാൻഡ്സിലെ മലമ്പ്രദേശങ്ങളിൽക്കൂടി നിർഭയം കുതിരയോടിച്ചുപോയി അദ്ദേഹം ഇരുട്ടിയപ്പോൾ മനുഷ്യസഞ്ചാരം തീരെ കുറഞ്ഞ ഒരു കാട്ടുപ്രദേശത്തെത്തി. അന്നേദിവസം രാത്രി കഴിച്ചുകൂട്ടുവാൻ തക്ക സ്ഥലങ്ങളൊന്നും കണ്ടുകിട്ടായ്കയാൽ അദ്ദേഹം കുതിരയെ യഥേഷ്ടം പോവാൻ അനുവദിച്ചു. കുറെച്ചെന്നപ്പോൾ വൃക്ഷങ്ങളുടെയിടയിൽക്കൂടി ഒരു വിളക്കിന്റെ വെളിച്ചംകണ്ടു. ആ വെളിച്ചംകണ്ട സ്ഥലത്തെത്തിയപ്പോൾ അതു ഒരു ചെറിയ വീടാണെന്നു മനസ്സിലായി. മെത്രാൻ വാതുക്കൽ മുട്ടിയപ്പോൾ വന്നു കതകുതുറന്ന ഒരു വൃദ്ധസ്ത്രീയോട് ആ രാത്രി അവിടെ കഴിച്ചുകൂട്ടുവാൻ അനുവദിക്കണമെന്നു അദ്ദേഹം അപേക്ഷിച്ചു. ആ സ്ത്രീ അതിനു സന്തോഷപൂർവ്വം സമ്മതിച്ചെങ്കിലും അവിടെ ഒരു കിടക്കമാത്രമെയുള്ളു എന്നും അതു മരിക്കാറായി കിടക്കുന്ന അവളുടെ ഭർത്താവു ഉപയോഗിക്കുന്നതുകൊണ്ട് അദ്ദേഹം കിടക്കകൂടാതെ രാത്രി കഴിക്കേണ്ടിവരുമെന്നും വ്യസനസമേതം പ്രസ്താവിച്ചു. ഏതുസന്ദർഭത്തിലും സാഹചര്യങ്ങളനുസരിച്ചു ജീവിതം കഴിപ്പാൻ പ്രത്യേക യോഗ്യതയുള്ള കത്തോലിക്ക വൈദീകരിൽ ഒരാളായ ആ മെത്രാനാകട്ടെ അതിനു തനിക്കു ഒട്ടും വിരോധമില്ലെന്നും മറ്റും പറഞ്ഞു ആ സ്ത്രീയെ മാധാനപ്പെടുത്തി. രോഗിയുടെ മനസ്ഥിതി മരണത്തെ സന്തോഷത്തോടുകൂടി സ്വീകരിക്കത്തക്കവണ്ണമാണൊയെന്നു ചോദിച്ചു. ആ സ്ത്രീ അത്യന്തം ദുഃഖത്തോടുകൂടി ഉത്തരമായി "അയ്യോ കഷ്ടം, അദ്ദേഹം മരണത്തോടു വളരെയും അടുത്തിരിക്കുന്നുവെന്നു അശേഷം മനസ്സിലാക്കുകയൊ തയ്യാറാകയൊ ചെയ്യുന്നില്ല" എന്നതത്രെ പറഞ്ഞു.

"ആട്ടെ ഒരു പുതിയ ആൾ പറഞ്ഞാൽ ചിലപ്പോൾ അദ്ദേഹം സമ്മതിക്കുമായിരിക്കും. അദ്ദേഹത്തെ കാണാൻ എന്നെ ഒന്നു അനുവദിക്കാമൊ" യെന്നു മെത്രാൻ ചോദിച്ചു. സാധുവായ ആ സ്ത്രീ അതിനു സമ്മതിച്ചു അദ്ദേഹത്തെ ഭർത്താവിന്റെ അടുത്തുകൂട്ടിക്കൊണ്ടുപോയി. രോഗിയെ കണ്ടപ്പോൾതന്നെ അദ്ദേഹം ആ നിമിഷം മരിച്ചുപോകുമെന്നു മെത്രാനുതോന്നി. താൻ എത്ര അപകടത്തിലാണിരിക്കുന്നതെന്നു മനസ്സിലായെന്നു വൈദികവരൻ രോഗിയോടു ചോദിച്ചു.

"ഞാൻ വളരെ അപകടകരമായ നിലയിലെത്തിയിട്ടുണ്ടെന്നു എനിക്കറിയാം. എന്നെപ്പോലെ മറ്റാരുത്തനെ കണ്ടാൽ അയാൾ ഉടനെ മരിക്കുമെന്നു ഞാൻ പറയും. എങ്കിലും ഞാൻ ഇപ്പോൾ മരിക്കയില്ലെന്നു എനിക്കു തീർച്ചയായും അറിയാം" എന്നായിരുന്നു രോഗിയുടെ മറുപടി. മെത്രാൻ തോല്ക്കാൻ തയ്യാറില്ലായിരുന്നു. ഇങ്ങിനെയുള്ള മനസ്ഥിതി പിശാചിന്റെ പരീക്ഷയുടെ ഫലമാണെന്നും മറ്റും അദ്ദേഹം വാദിച്ചു. അപ്പോൾ രോഗി താഴെവരുംപ്രകാരം പറഞ്ഞു: "ഹേ സ്നേഹിതാ, ഞാൻ ഇനി നേരു പറയുന്നതുകൊണ്ടു ആരെ ഭയപ്പെടാനുണ്ടു? ഞാൻ മരണത്തോടു അടുത്തുകഴിഞ്ഞു. ഇനി എന്റെ മതത്തിനുവേണ്ടി എന്നെ കൊല്ലുകയോ തിന്നുകയോ ചെയ്യട്ടെ. ഞാൻ ഒരു കത്തോലിക്കനാണ്. എന്റെ മതാചാരപ്രകാരം ജീവിപ്പാനുള്ള സൌകര്യത്തിനുവേണ്ടി ഞാൻ മുപ്പതുകൊല്ലമായി ഈ വനദേശത്തു ഒളിവായ ജീവിതം കഴിക്കുന്നു. ഇതിനിടയിൽ രണ്ടു പ്രാവശ്യംമാത്രമേ ഞാൻ ഒരു കത്തോലിക്കവൈദികനെ കണ്ടിട്ടുള്ളു. ഒരു കത്തോലിക്കവൈദികന്റെ അവസാനശ്വാസംവലിക്കുന്നതുവരെ മരിക്കാൻ ഇടവരുത്തരുതെന്നാണ് ഞാൻ മുപ്പതുകൊല്ലത്തോളമായി ദിവസേന ദൈവത്തോടു പ്രാർത്ഥിച്ചിരുന്നതു. "ചോദിപ്പിൻ തരപ്പെടും" എന്നു പഠിപ്പിക്കുന്ന ദൈവം എന്റെ പ്രാർത്ഥനയെ തള്ളിക്കളകയില്ലെന്നു എനിക്കറിയാം. അതിനാൽ ഞാൻ ഇപ്പോൾ മരിക്കയില്ല. ഒരു കത്തോലിക്കവൈദികൻ ഇനി എന്റെ അടുത്തുവരുമ്പോൾ എന്റെ മരണസമയമായി എന്നു ഞാൻ തീർച്ചയാക്കും.

ദൈവത്തിന്റെ ഗൂഢമായ മാർഗ്ഗങ്ങളെക്കുറിച്ചു അത്ഭുതപരവശനായ മെത്രാൻ ഉടനെ "സ്നേഹിതാ ഞാൻ ഒരു കത്തോലിക്കവൈദികനാണ്. അതിനാൽ ഉടനെ മരിക്കാൻ തയ്യാറായാലും" എന്നു പറഞ്ഞു. തന്റെ അടുത്തു നില്ക്കുന്നതു ഒരു കത്തോലിക്കവൈദികനാണെന്നു അറിഞ്ഞ ക്ഷണത്തിൽ ആ ഉത്തമ കത്തോലിക്കന്റെ അന്ത്യശ്വാസകർമ്മം സ്വീകരിച്ചു ഉടനെ ഭാഗ്യമരണം പ്രാപിച്ചു.

മാത്തോമ്മാ കീർത്തനം.

(ശ്രീമാൻ എ. ഠറി. ദേവസ്സി, ഏണ്ടങ്ങണ്ടിയൂർ.)

ഹിന്ദുസ്ഥാൻ തോടി. "ദാ ദബ്ബായ്" മട്ട്. ആദിതാളം.

പല്ലവി.

മാത്തോമ്മായെ! നമോസ്തു, മാത്തോമ്മായേ! നമോസ്തുതേ.

അനുപല്ലവി.

മർത്യരക്ഷകപാദം ഭജിക്കും. (മാത്തോമ്മാ.)

ചരണങ്ങൾ.

ദേശികൻ പെട്ടപാടിൽ—ലേശവും വിശ്വാസം വിനാ
ദേശികമുറി "തൊട്ടുവിശ്വസിച്ച"
വിശ്വവിശ്രുതനാകും ന്യായപ്രിയ! (മാത്തോമ്മാ.)

തൊഹരാ.

ഊക്കേറുമജ്ഞാനിവൃന്ദത്തെ രക്ഷിപ്പാ—
നിക്കരളോവിയിൽ ദൈവനിയുക്തനായ് വന്ന താതാ!
സന്മാർഗ്ഗദർശിയേ! ധർമ്മാഗ്നികൾക്കു കോടാലിയേ!
സജ്ജനാരാദ്ധ്യനേ! ഏറാം പുണ്യമെഴും പിതാവേ!

എടുപ്പ്.

മന്നിന്നുത്തംസതപമേ! മഹച്ചരിതനായോവേ!
മന്നിടക്കു നിൽകാരുണ്യ പീയൂഷ—
മെന്നാളും ചൊരിഞ്ഞീടണമേ താതാ! (മാത്തോമ്മാ.)

കത്തോലിക്ക പരിശ്രമത്തിന്റെ (Catholic action) ആവശ്യകതയെക്കുറിച്ചു പരിശുദ്ധപിതാവു പലേ അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. സത്യം പ്രചരിപ്പിക്കുന്നതിലും പരോപകാരപ്രവൃത്തികൾ ചെയ്യുന്നതിലും മെത്രാന്മാർക്കും പട്ടക്കാർക്കും അൽമേനികൾ നൽകുന്ന സഹായസഹകരണമാണ് കത്തോലിക്ക പരിശ്രമമെന്ന തിരുമനസ്സുകൊണ്ടു ഇവിടെ അരുളിച്ചെയ്തു.

ദേവമാതാ വിശുദ്ധ മറിയക്കുഞ്ഞായെ മൂന്നു മാസം ശുശ്രൂഷിച്ചു.

ദരിദ്രരുടെ സംരക്ഷകൻ.

ഫാ. ഫാദർ തോമസ് മൂത്തേലി.

ഫ്രാൻസ് രാജ്യത്തിന്റെ ദക്ഷിണഭാഗത്തു അനേകം കൊല്ലങ്ങൾക്കുമുമ്പു് ആറു കുട്ടികൾ തങ്ങളുടെ മാതാപിതാക്കന്മാരോടുകൂടി ജീവിച്ചിരുന്നു. കേവലം നിർധനന്മാരായിരുന്നതിനാൽ ഉപജീവനമാർഗ്ഗത്തിനായി അവരേവരും വേലചെയ്യേണ്ടതായി വന്നു. വിൻസെന്റ് എന്നു പേരായ ഏറ്റവും ഇളയപുത്രന്റെ ജോലി ആടുകളെയും പന്നികളെയും മേയ്ക്കലായിരുന്നു. ദിനംതോറും വിൻസെന്റ് ആടുകളെയും പന്നികളെയും തട്ടത്തുകൂട്ടി മേച്ചിൽസ്ഥലത്തു കൊണ്ടുവന്നാക്കിയശേഷം സമീപമുള്ള ഒരു വലിയ വൃക്ഷത്തിന്മേൽ കയറി അതിലുള്ള വിസ്തൃതമായ പൊത്തിൽ ഇരിക്കപതിവായിരുന്നു. സൂര്യാസ്തമനംവരെ അവിടെ ഇരിക്കയും കടശ്ശി മൃഗങ്ങളെ തട്ടത്തുകൂട്ടി വീട്ടിലേയ്ക്കു കൊണ്ടുപോകുകയും ചെയ്തിരുന്നു. പകൽ സമയം മറ്റു കുട്ടികളെപ്പോലെ പറമ്പിൽ ചെന്നു കളിക്കാതെ ഒരു വൃക്ഷത്തിൽപോയി ഒളിച്ചിരിക്കുന്നതുകണ്ടു ജനങ്ങൾ ആശ്ചര്യപ്പെടാതിരുന്നില്ല. വിൻസെന്റ് എന്തായിരുന്നു ചെയ്തിരുന്നതു്? ആ ബാലൻ പ്രാർത്ഥിക്കയായിരുന്നു. പകൽ മുഴുവനും ദൈവത്തെ ഓർത്തു ഏകാന്തമായി പ്രാർത്ഥിക്കയായിരുന്നു. ഭൂലോകത്തിലുള്ള എല്ലാവരിനെക്കാളും അധികം ദൈവത്തെയാണ് വിൻസെന്റ് സ്നേഹിച്ചിരുന്നതു്. തൽഫലമായി കുട്ടി വളർന്നുവരുമ്പോൾ ദൈവത്തിനും ദരിദ്രർക്കുംവേണ്ടി എന്തെല്ലാമാണ് പ്രവൃത്തിക്കേണ്ടതെന്നുള്ള പ്ലാൻ മനസ്സിൽ വരക്കയായിരുന്നു. യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവൻ ദരിദ്രരെയും സ്നേഹിക്കുമല്ലൊ. ആകയാൽ ദൈവത്തെ അത്യധികമായി സ്നേഹിച്ചിരുന്ന വിൻസെന്റ് കുട്ടി ദരിദ്രരെ സ്നേഹിച്ചിരുന്നതിൽ അതിശയപ്പെടാനില്ല. വിൻസെന്റിനു സ്വന്തമായി ലഭിച്ചിരുന്ന ഏറ്റവും നിസ്സാരമായ പദാർത്ഥവും ഒന്നുമില്ലാത്ത സാധുക്കൾക്കു വീതിച്ചുകൊടുക്കുക സാധാരണയായിരുന്നു. പുണ്യത്തിലും ധാരാളശീലത്തിലും വളർന്നുവന്നതോടുകൂടി കുട്ടിയുടെ ബുദ്ധിയും വികസിച്ചു കാണപ്പെട്ടു. മാതാപിതാക്കന്മാർ ഇതു ഗ്രഹിച്ചു പുത്രനെ ഒരു നല്ലസ്ഥിതിയിൽ ചേർക്കുന്നതിനുള്ള ശ്രമം തുടങ്ങി. നിർധനന്മാരായിരുന്ന മാതാപിതാക്കന്മാർ ഇതിനായി അവരുടെ കുറെ കാളകളെയും പന്നികളെയും വിറ്റു പണം

സ്ഥാനംകൂടിയ ആൾ സ്ഥാനംകുറഞ്ഞ ആളെ ശുശ്രൂഷിക്കുന്നു.

വാങ്ങിയാണ് ബാലനെ സ്ലൂസിൽ കൊണ്ടുപോയി ആക്കിയതു. ധീരപ്രവൃത്തികളുടെയും പുണ്യത്തിന്റെയും ജീവിതം നയിക്കാൻപോകുന്ന ഏഴുള്ള കായ്യം വിസ്മരിച്ചുകൊണ്ടു സപരിവാരനായിട്ടു യാത്രപറഞ്ഞു പുറപ്പെട്ടു. അനേകംകൊല്ലം വിൻസെന്റു പാതിരിശ്രേഷ്ഠം കടശി ഒരു വയസ്സു പ്രായമായപ്പോൾ തന്റെ ഹൃദയാഗ്രഹംപോലെ വൈദികനായിതീരുന്നതിനുള്ള ഭാഗ്യം ലഭിച്ചു. യുവവൈദികന്റെ പ്രഥമകൃത്യമായുള്ള ജോലിയിലുള്ള ഉദ്യമിക്കുന്നതിനു മുമ്പായി വീട്ടിൽചെന്നു ബന്ധുമിത്രാദികളെ സന്ദർശിക്കുന്നതിനാണു തീർച്ചയാക്കിയതു. മുന്നൂറു കൊല്ലങ്ങൾക്കു മുമ്പു കടൽയാത്ര നാനാരീതിയിലുള്ള അപകടങ്ങൾ നിറഞ്ഞതായിരുന്നെങ്കിലും കരയാത്രയെക്കാൾ ചിലവു കുറഞ്ഞതായിരുന്നതിനാൽ, അപകടങ്ങളെ വിഗണിച്ചു വിൻസെന്റു കടൽവഴിതന്നെ യാത്രചെയ്യാമെന്നു നിശ്ചയിച്ചതനുസരിച്ചു മാർസെയിലിലേക്കുള്ള കപ്പലിൽ യാത്രതുടർന്നു. കുറെ ദിവസത്തേക്കു കപ്പൽയാത്ര സുഖമായിരുന്നെന്നു മുഴിഞ്ഞുകൂടി. പൊടുന്നനവെ കടല്ലുള്ളന്മാർവന്നു ആക്രമിച്ചു. കപ്പിത്താനെയും മറ്റുദ്യോഗസ്ഥന്മാരെയും വധിക്കയും വിൻസെന്റിനെ ദേഹോപദ്രവമേല്പിച്ചു മറ്റുള്ളവരോടുകൂടി തടവുകാരായി പിടിച്ചുകൊണ്ടുപോകയും ചെയ്തു. അക്കാലത്തു തടവുകാരുടെ സ്ഥിതി അത്യന്തം ഭയങ്കരതരമായിരുന്നു. സാധാരണയായി തടവുകാരെ അടിമകളായി സൂക്ഷിക്കയോ, ആഫ്രിക്കായിലെ അടിമച്ചന്തയിൽകൊണ്ടുപോയി വിറ്റു പണം വാങ്ങുകയോ ആണു ചെയ്തിരുന്നതു. വിൻസെന്റച്ചനെ ആഫ്രിക്കയിൽ കൊണ്ടുപോയ അവസരത്തിൽ സഹിച്ച വേദനകളും അരിഷ്ടതകളും ക്രീസൂവിന്റെ പീഡാനുഭവത്തിന്റെ ബഹുമാനാത്മം കാഴ്ചവെച്ചു. "അവർ എന്റെ പ്രിയപ്പെട്ട ദിവ്യരക്ഷകനോടു ഇതിലും വലുതു ചെയ്തിട്ടുണ്ടല്ലോ, ഞാൻ ഒരു പാപിയല്ലെ" എന്നാണു താൻ പലപ്പോഴും പറഞ്ഞിരുന്നതു. അടിമ ചന്തയിൽ ഒരു മത്സ്യകച്ചവടക്കാരൻ വിൻസെന്റച്ചനെ വാങ്ങിയെങ്കിലും അയാൾ ഏറെനാൾ കൈവശം വെച്ചിരുന്നില്ല. വൃദ്ധനായ ഒരു വൈദ്യനു വിറ്റു. ഭാഗ്യവശാൽ വൈദ്യൻ ഒരു നല്ല ആളായിരുന്നു. വൈദികന്റെ അറിവും സൽസ്വഭാവവും ഗ്രഹിച്ച വൈദ്യനു അച്ചന്റെപേരിൽ വലിയ ബഹുമാനവും സന്തുഷ്ടിയുമായി. ക്രീസ്തുമതം മാറി ഒരു മഹമ്മദീയനാകുന്നതായാൽ സ്വന്ത പുത്രനെപോലെ ഗണിക്കാമെന്നും, അനേകം ദ്രവ്യവും സ്വാതന്ത്ര്യവും നൽകാമെന്നും വാഗ്ദാനം ചെയ്തു. ഇതിനുത്തരമായി വിൻസെന്റു, ക്രീസ്തുമതം ഉപേക്ഷിക്കുന്നതു

ശുശ്രൂഷകൾ ചെയ്യുന്നതു ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടതാണു.

തീനെക്കാൾ തടവിൽകിടന്നു മരിക്കുന്നതു തനിക്കധികമിഷ്ടമെന്നാണ് പറഞ്ഞതു്. തന്നിമിത്തം വൈദ്യന്റെ മരണംവരെ അടിമത്വത്തിൽ തന്നെ കിടക്കേണ്ടിവന്നു. വൈദ്യന്റെ നിയ്യോഗശേഷം വിൻസെന്റച്ചനെ വേറൊരാൾക്കു വിറ്റു. ഇത്തവണ ക്രൂരനായ ഒരു ക്രിസ്ത്യാനിയായിരുന്നു വാങ്ങിയതു്. ആദ്യം നിർദ്ദയമായി അച്ചനോടു പെരുമാറിയെങ്കിലും തന്റെ പ്രാർത്ഥനാഫലമായി യജമാനന്റെ പാപകരമായ അക്രിസ്തീയ ജീവിതക്രമത്തിന്മേൽ അനുതപിച്ചു ഉത്തമ ക്രിസ്ത്യാനിജീവിതം നയിക്കുകയും കൃതജ്ഞതാപൂർവ്വം അച്ചനെ അടിമത്വത്തിൽനിന്നു വിമുക്തനാക്കുകയും ചെയ്തു. ഇപ്പോൾ പൂർണ്ണ സ്വാതന്ത്ര്യമായി!! സ്വരാജ്യത്തുചെന്നു ദൈവത്തിനും സാധുക്കൾക്കുംവേണ്ടി വേലചെയ്യാമല്ലൊ എന്നു ഓർത്തപ്പോൾ വിൻസെന്റച്ചനുണ്ടായിരുന്ന ആനന്ദം സീമാതീതമായിരുന്നു. പ്രാൻസിൽ മടങ്ങിച്ചെന്നു സാധുക്കളുടെ ഉന്നമനാർത്ഥം സ്വന്ത ഇടവകയിൽ നിസ്സ്വാർത്ഥമായി വേലചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ ദീനാനുകമ്പ, സഹൃദയത്വം, പരോപകാരതല്പരത മുതലായ ഗുണങ്ങളുടെ വിവരം ഇടവകക്കപ്പുറം കടന്നു വ്യാപിച്ചു. ഈ സൽഗുണങ്ങൾ കേട്ടറിഞ്ഞ ഒരു പ്രഭുവും പ്രഭ്വിയും അച്ചന്റെ വക്കൽചെന്നു അവരുടെ കുടുംബകാര്യസാരക്കാരനാകാമെങ്കിൽ, തന്റെ പരോപകാര വേലയിൽ സഹായം ചെയ്യാമെന്നു വാഗ്ദത്തം ചെയ്തു. അച്ചൻ ഇതിനു സമ്മതം നൽകി. തന്റെ പരോപകാര വേലയുടെ പ്രഥമ ഫലമനുഭവിച്ചതു മൂപ്പീയമായവിധം അരിഷ്ടതകൾ അനുഭവിച്ചു ജീവിച്ചു അനേകായിരം അടിമകളായിരുന്നു. അവരുടെ ആത്മീയവും കായികവുമായ അശ്രദ്ധജീവിതം മാറ്റി സുബുദ്ധിയുള്ള മനുഷ്യരെപ്പോലെ ജീവിക്കുന്നതിനു അച്ചന്റെ അക്ഷീണപരിശ്രമത്താൽ സാദ്ധ്യമായി. തൽഫലമായി ദുഷ്ടന്മാരും നാനാതരത്തിൽ അകൃത്യങ്ങൾ ചെയ്തിട്ടുള്ള കുറെക്കാരും കാലക്രമേണ ശിക്ഷക്കൾക്കടുത്ത പക്ഷത്തോടെ തന്നെ സ്നേഹിച്ചു. കൊല്ലംതോറും അനേകശതം ശിക്ഷകൾ സകലരാലും ത്യജിക്കപ്പെട്ട പള്ളിക്കു തെരുവീഥിയിൽ കാണപ്പെട്ടുക സാധാരണമായിരുന്നു.

ഇതിനുംപുറമെ ദീനത്തിൽ മരുന്നുവാങ്ങുന്നതിനു നിവ്വാഹമില്ലാത്തവരും വാർദ്ധക്യംനിമിത്തം കാലയാപത്തിനു അശക്തരും നിസ്സഹായന്മാരായ ദരിദ്രരും അനേകമുണ്ടായിരുന്നു. വിൻസെന്റച്ചൻ ഇവരെ എല്ലാവരെയും സഹായിച്ചു സംരക്ഷിച്ചുവന്നു. അദ്ദേഹത്തിന്റെ ഈ ഉൽകൃഷ്ട ഉദ്യമത്തിൽ സഹായിക്കുന്നതിനു

അതു് എളിമയുടെ ഒരു നല്ല അഭ്യാസവുമാണ്.

അനേകം ധനവാന്മാരും പ്രഭുക്കളും പണംകൊടുത്തു. ഈ സംഖ്യകൊണ്ടു സാധുക്കൾക്കു ഒരാശുപത്രിയും, അനാഥശിശുക്കൾക്കും വൃദ്ധന്മാക്കും ഒരു ധർമ്മശാലയും പണിയിച്ചു. ഇതിനുംപുറമെ ഭവനങ്ങളിൽ മൊന്നു സാധുജനങ്ങൾക്കു പണം വീതിച്ചുകൊടുത്തിരുന്നു. അദ്ദേഹത്തിന്റെ സഹായംകൊണ്ടു സംതൃപ്തിപ്പെട്ടത്താൻ പാടുള്ള സകലതും പ്രവർത്തിച്ചിരുന്നു. ഒരിക്കൽ ഒരു കാരാഗൃഹം സന്ദർശിച്ചപ്പോൾ കണ്ണീരൊഴുകി നിലവിളിക്കുന്ന ഒരാളെകണ്ടു അനുകമ്പതോന്നി അയാളോടു കാരണം ചോദിച്ചു. അയാളുടെ ഭാര്യയും കുട്ടികളും നിസ്സഹായന്മാരായി തീർന്നിരിക്കുന്നു എന്നാണു മറുപടികൊണ്ടു ഗ്രഹിച്ചതു. ഉടനെ

> ക്രിസ്തീയ തത്വങ്ങളെ നിഷേധിക്കയും ജനങ്ങളെ വിരക്തിക്കു വിരോധമായ പാപത്തിലേയ്ക്കു പ്രേരിപ്പിക്കുന്ന ദുഷ്പവർത്തമാനങ്ങളെ പരത്തുകയും ചെയ്യുന്ന ഇത്രവളരെ പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ജനനാഭിവൃദ്ധത്തിൽ പ്രചരിക്കുന്ന വാസ്തവം ആലോചിക്കുമ്പോൾ, ആ ദോഷങ്ങളെ തടയുന്നതിനും വായനക്കാരുടെ ഹൃദയത്തിൽ ഉൽകൃഷ്ടവും പവിത്രവുമായ വിചാരങ്ങളെ ജനിപ്പിക്കുന്നതിനും ആ വഴി എല്ലാജീവിതാവസ്ഥയിലുള്ളവരെയും ജീവൻ നൽകുന്ന സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുന്നതിനും ഏകമാർഗ്ഗമായിരിക്കുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ വർദ്ധിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതു യഥാർത്ഥമായ പ്രേഷകവേലയാകുന്നു. ഫ്രാംഫിയൂസ് മാപ്പിപ്പാ.

അയാളെ സ്വതന്ത്രനാക്കി അയാൾക്കുപകരം അച്ചൻ തടവിൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ടുകിടന്നു. ഒരു മാസത്തോളം ഇപ്രകാരം പാറാവിൽ കിടന്നശേഷം, ഒരു ഉദാരമനസ്കൻ ഇതറിഞ്ഞു അച്ചനെ വിമുക്തിയനാക്കി. ഇപ്രകാരം അച്ചന്റെ ഉൽകൃഷ്ടഉദ്യമം വീണ്ടും തുടർന്നുകൊണ്ടുവന്നു. ഭക്തിയുള്ള സ്ത്രീകളിൽ പലരും വന്നു അച്ചനെ സഹായിച്ചു. അവരുടെ സഹായത്താൽ രോഗികളെ പരിചരണം ചെയ്യുന്നതിനും ദരിദ്രരെ സഹായിക്കുന്നതിനും ഒരു സഭ സ്ഥാപിച്ചു. ഈ സഭ ഇന്നു ഭൂലോകമൊട്ടുക്കു നാനാതരത്തിൽ സാധുക്കൾക്കു സഹായം ചെയ്യുവരുന്നുണ്ടു. വൈദികർക്കും താൻ ഒരു സഭ സ്ഥാപിക്കയുണ്ടായി. അതും ഇന്നു ഭൂലോകമാസകലം വലിയവലിയ ജോലികൾ ചെയ്യുവരു

പ്രശ്നങ്ങൾ ചെയ്യുന്നതു ഹീനമായ കൃത്യമല്ലോ.

ന്നുണ്ടു. യൂറോപ്പു, അമേരിക്ക മുതലായ രാജ്യങ്ങളിൽ വിശുദ്ധ വിൻസെന്റപോൾ സംഘം എന്ന നാമധേയത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള നിർധനന്മാരുടെ സഹായസംഘം ഏർപ്പെട്ടത്താത്ത ഇടവക സംഖ്യയിൽ ചുരുക്കമായിരിക്കും.

ദരിദ്രക്കും നിസ്സഹായന്മാക്കും വേണ്ടി വിൻസെന്റച്ചൻ നിരന്തരം വേണ്ട പരിശ്രമങ്ങൾ ചെയ്തു. അവക്കുവേണ്ടി താൻ അനേകരുകൊല്ലങ്ങളോളം അദ്ധ്വാനിക്കയും പ്രസംഗിക്കയും പ്രാർത്ഥിക്കയും ചെയ്തു. തനിയ്ക്കു നടക്കാൻ അസാദ്ധ്യമായിരുന്ന അതിവാർദ്ധക്യത്തിൽ പോലും ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള കസേരയിൽ ഇരുന്നു ആശുപത്രിയിൽ കിടക്കുന്ന രോഗികളെ സന്ദർശിച്ചാശ്വസിപ്പിച്ചിരുന്നു. മരിച്ചുള്ളവർ നിരയിൽ ആണ്ടുകിടക്കുന്ന സമയത്തു വിൻസെന്റ് അതിരാവിലെ എഴുന്നേറ്റു ചക്രകസേരയിൽ ഇരുന്നു ആശുപത്രിയിൽചെന്നു പലമണിക്കൂർ നേരത്തോളം പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം പ്രഭാതത്തിൽ ഒരു വൈദികൻ കപ്പേളയിൽ വന്നു നോക്കിയപ്പോൾ വിൻസെന്റ് പ്രാർത്ഥനാഭാവത്തിൽ മുട്ടുകുത്തി നിൽക്കുന്നതായികണ്ടു. എന്നാൽ അദ്ദേഹത്തിനു ചലനം ഒട്ടുമില്ലായിരുന്നു. പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവിൽ നിദ്രപ്രാപിക്കയാണു ചെയ്തത്. വിശുദ്ധ വിൻസെന്റ് അന്തരിച്ചുവെങ്കിലും തന്റെ വേല ഇന്നും സജീവമായിട്ടുതന്നെ ഇരിക്കുന്നു.

കൃതജ്ഞതാപ്രകാശനം.

---

1) തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ തീരെ അസാദ്ധ്യമെന്നു കരുതിയ ഒരു കാര്യം വളരെ എളുപ്പത്തിൽ സാദ്ധ്യമായതിന്റെ നന്ദിസൂചകമായി ഫ ക. അയയ്ക്കുന്നു. വിവരം ചന്ദ്രികയിൽ പ്രസിദ്ധപ്പെടുത്തുവാനപേക്ഷ. നടുവത്തുശേരിൽ ജോസഫ് ജോസഫ്, എറണാകുളം.

2) വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ പരീക്ഷാവിജയപ്രാപ്തിക്കു ഉപകാരസ്മരണ. ഫ ക. സി. എൽ. ജെ. വി. എം.

3) എന്റെ കുട്ടിക്കു പിടിപെട്ട ദീനം അസാദ്ധ്യമായിതീർന്നുവെങ്കിലും വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ സുഖപ്പെട്ടതിനു നന്ദിസൂചകമായി ഫ ക. അയയ്ക്കുന്നു. എന്നു, വി. വി. എം. തൃശ്ശൂർ.

4) കൊച്ചുത്രേസ്യപുണ്യവതിയുടെ സഹായത്താൽ എളിശല്യം മാറിയതിനു ഉപകാരസ്മരണ ഫ ക. സി. എം. പി, കോതമംഗലം.

ചൈനായിലെ കത്തോലിക്കാസഭ.

(ഒരു ചൈനീകൻ.)

(പാരീസിലെ വിദേശീയ മിഷ്യനറിസംഘത്തിന്റെ ശ്രേഷ്ഠനും ചൈനായിലെ ഒരു വികാരിഅപ്പസ്തോലിക്കായുമായ മൊൺസിഞ്ഞോർ ദെഗെബ്രിയാ അവർകൾ ചൈനായിൽ ഈയിടയുണ്ടായ വേദഞെരുക്കത്തിനു മുമ്പു എഴുതിയ ലേഖനത്തിൽനിന്നു സംക്ഷേപിച്ചതു്.)

തിരുസഭയുടെ വേദപ്രചരണവേലയെ സംബന്ധിച്ചിടത്തോളം ചൈനാ എല്ലാത്തിലും പ്രധാനമായ ഒരു രാജ്യമാണെന്നുപറയണം. അവിടെ ആകെ ൪൦൦,൦൦൦,൦൦൦ അവിശ്വാസികൾ ഉണ്ടു്. ലോകത്തിലുള്ള അവിശ്വാസികളിൽ ൪-ൽ രണ്ടുഭാഗം ചൈനായിൽതന്നെയാണു്. ചൈനാക്കാർ വളരെ മിതവ്യയശീലന്മാരും വളരെ സത്യസന്ധന്മാരും സമാധാനതല്പരന്മാരുമാണു്. അവിശ്വാസികളായ ജനസംഘങ്ങളിൽ എല്ലാവരിലുംവച്ചു ചൈനാക്കാർ ഏറ്റവും നല്ലവരാണെന്നാകുന്നു ചില മഹാന്മാരുടെ അഭിപ്രായം. ലോകത്തിന്റെ ഭാവിചരിത്രത്തിൽ ചൈനാ ഒരു വലിയ ശക്തി ആയിരിക്കുമെന്നുള്ളതിനു സംശയമില്ല.

കത്തോലിക്കരുടെ സംഖ്യ.

ചൈനായിൽ കത്തോലിക്കാവേദപ്രചാരം തുടങ്ങിയിട്ടു് നാലു ശതവർഷങ്ങളായി. കത്തോലിക്കാമതം അവിടത്തുകാരായ വളരെ ആളുകളെ ഇനിയും ബാധിച്ചിട്ടില്ല. അവിടെ ഏറിവന്നാൽ മുപ്പതുലക്ഷം കത്തോലിക്കരിൽ അധികമില്ല: എന്നാലും ചൈനായിൽ കത്തോലിക്കാമിഷനരിമാരുടെ വേദപ്രചരണവേല സഫലമാകുന്നുണ്ടെന്നു നിസ്സന്ദേഹമായി പറയാം. ചൈനായിൽ മുപ്പതുലക്ഷത്തോളം കത്തോലിക്കർ ഉള്ളവർതന്നെ ആ വലിയരാജ്യത്തിന്റെ പല ഭാഗങ്ങളിലുമായി ചിതറിക്കിടക്കയാണു്. ചൈനായിൽ വളരെ നിബിഡമായി കത്തോലിക്കർ താമസിക്കുന്ന സ്ഥലങ്ങളിൽപോലും അവർ മറ്റു ജനങ്ങളുടെ നൂറ-ൽ ഒരംശം മാത്രമേ ഉള്ളു. മറ്റുള്ളേടങ്ങളിൽ ൧൦൦-നു മൂന്നും നാലും അഞ്ചും വീതം മാത്രമേ കത്തോലിക്കരുള്ളു. ചിലയിടങ്ങളിൽ ൧൦൦൦-നു് ഒന്നുവീതം മാത്രമേ കത്തോലിക്കരുള്ളു. ആയിരത്തിലധികം കത്തോലിക്കാവീടുകൾ അടുത്തടുത്തുള്ള ഒരു സ്ഥലവും അവിടെ ഇല്ല. നമുക്കു ഒരു നൂറുകത്തോലിക്കരുടെ ഒരു കൂട്ടത്തെ എടുത്തു ആലോചിച്ചു

നോക്കാം. അവർ അവിശ്വാസികളുടെ വൻകൂട്ടങ്ങളിൽ മുങ്ങിക്കിടക്കുന്നു. അവരുടെ ചുറ്റുമുള്ളവർ അധികം അവിശ്വാസികളായിരിക്കും. അവർക്ക് ദേവാലയമോ പുരോഹിതനൊ ഇല്ല. അതിനാൽ പരസ്യമായ ഒരാരാധനാസമ്പ്രദായവും അവക്ക് ഇല്ല. അവർക്ക് കത്തോലിക്കാസ്കൂളുകളാകട്ടെ കത്തോലിക്കാപ്രസിദ്ധീകരണങ്ങളാകട്ടെ ഇല്ല. ആണ്ടിൽ രണ്ടു പ്രാവശ്യം അഞ്ചാറു ദിവസത്തേയ്ക്ക് മിഷ്യനറിമാരോ നാട്ടുകാരായ ഉപദേശകന്മാരൊ അവരുടെ അടുത്തു ചെല്ലുന്നു. അപ്പോൾ മാത്രമേ അവർക്ക് കുമ്പസാരിക്കാനും കുർബാന കൈക്കൊള്ളാനും സൗകര്യം ഉണ്ടാകുന്നുള്ളൂ. മരണാവസരങ്ങളിൽ പുരോഹിതനെ കൊണ്ടുവരാൻ അവരും അവരുടെ അടുത്തു ചെല്ലുവാൻ പുരോഹിതന്മാരും ശ്രമിക്കും. ചൈനാക്കാർ നല്ല വിശ്വാസദാർഢ്യവും ദൈവവരവുമുള്ളവരാണ്. അവരുടെ ഇടയിൽനിന്നു അധികമധികം ആളുകൾ സഭയിലേക്കു ചേർന്നുവരുന്നുണ്ട്. ചൈനായിൽ കത്തോലിക്കാമതപ്രചാരത്തിനു വളരെ താമസം വരുന്നു എല്ലൊ എന്നു ആവലാതിപ്പെടുന്നവരോട്, ഒരു തുള്ളി വെള്ളം സമുദ്രത്തെയെല്ലാം വിഴുങ്ങുന്നില്ലല്ലൊ എന്നേ സമാധാനം പറയേണ്ടതുള്ളൂ. ഫുവൻഷെൽ ഏഴുലക്ഷത്തിനും എട്ടുലക്ഷത്തിനും അകം കത്തോലിക്കരേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ പതിമൂലക്ഷത്തോളമാണുള്ളതു്. ഇതു ക്രമമായ വളർച്ചയെയാണു കാണിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ.

സഭയോടുള്ള ബഹുമാനം.

ചൈനായിലെ കത്തോലിക്കർക്കുള്ള മറെറാരുഗുണം സഭയോടുള്ള ഭക്തിയാണ്. അവിടത്തെ കത്തോലിക്കരുടെ ഒരുശാഖ എത്രതന്നെ ചെറുതായിരുന്നാലും അതു ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന ഒരു മഹാശക്തിയുടെ ഭാഗമാണെന്നുള്ള സംഗതി അവർക്ക നല്ല അറിവുള്ളതാണ്. കത്തോലിക്കാസഭ ൨൰൦൦ കൊല്ലത്തോളം കാലമായി തുടർന്നു നിലനിന്നുവരുന്ന സംഗതിയും ആ സഭയിൽ പൂരാതനവിശ്വാസം പരമ്പരയാ അകളങ്കിതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന വിധവും എല്ലാം അവർക്കറിവുണ്ട്. ആ സഭ എങ്ങിനെ ശത്രുക്കളോടെല്ലാം പോരാടി വിജയം സമ്പാദിച്ചിരിക്കുന്നുവെന്നും അതിന്റെ ഭരണക്രമവും മിട്ടകളും എത്ര പ്രശസ്തമായിരിക്കുന്നുവെന്നുള്ളതും ചൈനായിലെ കത്തോലിക്കർക്കു നല്ല നിശ്ചയമുണ്ട്. വിശുദ്ധ കത്തോലിക്കാസഭയേയും അതിന്റെ തലവനേയും കുറിച്ചു് ചൈനായിലെ കത്തോലിക്കർക്കുള്ള ബഹുമാനത്തിനു

യാതൊരു കണക്കുമില്ല. ഒരു മെത്രാൻ എന്നു പറയുന്നതു വളരെ പ്രധാനപ്പെട്ട ഒരു പുരുഷനാണെന്നാണ് അവരുടെ ബോദ്ധ്യം. അവർ പുരോഹിതന്മാരെ സ്നേഹിക്കയും ബഹുമാനിക്കയും സ്വദേശികളായവരെക്കുറിച്ചു സദാ അഭിമാനിക്കയും ചെയ്യുന്നു. അന്യദേശത്തിൽനിന്നു വരുന്ന മിഷ്യനരിമാരിൽ അവർക്കു അധികമായ ഭക്തിയും വിശ്വാസവും ഉണ്ട്. മൈനായിലെ മെത്രാനു വികാരിഅപ്പസ്തോലിക്കായെന്നാണ് പേർ പറയുന്നതു്. അദ്ദേഹത്തിന്റെ മിഷ്യനരിരൂപതയിൽ അനേകം ഇടവകകൾ അല്ലെങ്കിൽ ഡിസ്ട്രിക്ട്കൾ ഉണ്ടാകും. ഈ ഡിസ്ട്രിക്ട്കളുടെ സംഖ്യ പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ഇപ്പോൾ ആകെ എഴുപത്തിരണ്ടോളം മിഷ്യനരിരൂപതകൾ ഉണ്ട്. ഇതിൽ ഓരോ രൂപതകൾക്കും ആയി ആകെയുള്ള അവിശ്വാസികളെ വീതിച്ചാൽ ഓരോ രൂപതകൾക്കും ന്യൂനം ലക്ഷത്തോളം അവിശ്വാസികൾ ഉണ്ടെന്നു കണക്കാക്കാവുന്നതാണ്.

ധർമ്മസ്ഥാപനങ്ങൾ.

ധർമ്മസ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും എല്ലായിടത്തും ഉണ്ട്. അനാഥശാലകളും പള്ളിക്കൂടങ്ങളും ആസ്പത്രികളും ഉൽകൃഷ്ട വിദ്യാഭ്യാസത്തിന്നായുള്ള മന്ദിരങ്ങളും അവിടവിടെ ഉണ്ട്. ഷങ്കായിലും പീക്കിംഗിലും ജെസ്വിറ്റുകാരുടെവകയും ബെനിഡിക്തൻകാരുടെ വകയും ആയ സർവ്വകലാശാലകളും ഉണ്ട്. ഇവയെ പൂർണ്ണമായ കത്തോലിക്കനിലയിൽ നടത്തപ്പെടുന്നു. പല രാജ്യക്കാരും സഭക്കാരുമായ മിഷ്യനരിമാർ അവിടെയുണ്ടെങ്കിലും അവർ ഭരണഘടനയിലും വിശ്വാസകൃമങ്ങളിലും ഐക്യമുള്ളവരാണെന്നു എല്ലാവർക്കും അറിയാം. തിരുസ്സഭയുടെ തലവനായ മാപ്പാപ്പായുടെ പരമാധികാരമൊ സകലരും ഒന്നുപോലെ പൂർണ്ണമായി അനുസരിക്കുന്നു.

ഒരമ്മ രീയിൽ വീണ തന്റെ കുഞ്ഞിനെ രക്ഷിക്കാൻ എത്ര ബദ്ധപ്പെട്ടും. ദൈവം ഒരു പാപിയെ മാപ്പുനൽകി രക്ഷിക്കാൻ അതിലു മധികം ബദ്ധപ്പെടുന്നു.

ഉണ്ണീശിഹായുടെ ഉച്ചഭക്ഷണം.

(ബ്രദർ ജോൺ മാണിക്കനാംപറമ്പിൽ.)

പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തിൽ പോർത്തുഗീസ്സുരാജ്യത്തിലെ സാന്തരൻ (Santaren) എന്ന പട്ടണത്തിൽ ദൊമിനീക്കൻ സഭക്കാരുടെ ഒരു ആശ്രമം സ്ഥിതിചെയ്തിരുന്നു. ബെന്റാഡ് ഡിമോല്ലീസ്സ് എന്ന അവിടത്തെ ഒരു വൈദികൻ അയൽവാസികളായ ഏതാനും കുട്ടികളെ വിളിച്ചുവരുത്തി ആശ്രമത്തോടു സംബന്ധിച്ച ഒരു മുറിയിൽ ഇരുത്തി അവരെ വേദോപദേശം മുതലായവ പഠിപ്പിച്ചുവന്നു. അടുത്തുണ്ടായിരുന്ന അൽഫാജെ എന്ന ഗ്രാമത്തിൽനിന്നും രണ്ടു കുട്ടികൾ പഠിക്കുന്നതിനും കുമ്പാനക്കുടുന്നതിനുമായി അവിടെ വന്നുകൊണ്ടിരുന്നു. അവരുടെ വീട്ടിൽനിന്നും ആശ്രമത്തിലേക്കുള്ള ദൂരം അല്പം അധികമായിരുന്നതിനാൽ ഈ കുട്ടികൾ രാവിലെ വീട്ടിൽനിന്നും പുറപ്പെടുമ്പോൾ ഉച്ചക്കുള്ള ഭക്ഷണം ഒരു കൊട്ടയിൽ എടുത്തുകൊണ്ടുപോരികയായിരുന്നു പതിവു. ആയതു ആശ്രമത്തിന്റെ പിൻഭാഗത്തുള്ള ഇലന്തിണ്ണയിൽ വച്ചു ഭക്ഷിപ്പാനേ അവർക്കു സൌകര്യപ്പെട്ടിരുന്നൊള്ളൂ.

ഒരുദിവസം ആകാശമണ്ഡലമാസകലം കാർമേഘത്താൽ മൂടപ്പെട്ടു. ഘോരമാരി വർഷിപ്പാനും തുടങ്ങി. നമ്മുടെ ബാലന്മാർക്കു ഉച്ചഭക്ഷണം കഴിക്കേണ്ടസമയവുമായി. അപ്പോൾ ഗൈ എന്നവൻ ജേഷ്ഠനോടിങ്ങിനെ പറഞ്ഞു. "ജേഷ്ഠാ, മഴപെയ്യുന്നല്ലൊ. എവിടെ ഇരുന്നാണ് ഊണുകഴിക്കേണ്ടത്?"

ജോൺ:— "ഞാനും അതുതന്നെയാണ് ആലോചിക്കുന്നത്. എന്തു ചെയ്യും?"

ഗൈ:— "നമുക്കു ഈ പള്ളിയകത്തു കയറിയിരുന്നു ഊണുകഴിച്ചാലെന്താ? ഉണ്ണീംരംശോ നമ്മോടു കോപിക്കുമോ?"

ജോൺ:— "എനിക്കറിഞ്ഞുകൂടാ. എങ്കിലും നമുക്കൊരു കാര്യം ചെയ്യാം. അകത്തു കയറിച്ചെന്നു മഴപെയ്യുന്നെന്നും അവിടെയിരുന്നു ഊണുകഴിപ്പാൻ അനുവദിക്കണമെന്നും രംശോയോടു പറഞ്ഞുനോക്കാം".

നിർദ്ദോഷികളായ ആ ബാലന്മാർ പരമാർത്ഥബുദ്ധിയോടെ പള്ളിയകത്തു കടന്നു, അൽത്താരയിൽ ഇരുന്ന ദേവമാതാവിന്റെ സത്രുപത്തിൻ മുമ്പിൽ മുട്ടുകുത്തി, ആ അമ്മയുടെ കരങ്ങൾ വഹിച്ചിരുന്ന ഉണ്ണീംരംശോ

ആടനെ നോക്കിക്കൊണ്ടിങ്ങിനെ അപേക്ഷിച്ചു. "പ്രീയ ഉണ്ണിംരംശോയെ! മഴ പെയ്യുന്നു. പുറത്തിരിപ്പാൻ നിവൃത്തിയില്ല. അതിനാൽ ഇവിടെ ഇരുന്നു ഈ ഭക്ഷണം കഴിപ്പാൻ ഞങ്ങളെ നീ അനുവദിക്കുമൊ?".

ഒരു:— "ജേഷ്ഠാ, നോക്കു; ഉണ്ണിംരംശോ പുഞ്ചിരിയിടുന്നു! ഓ, എന്റെ ഉണ്ണിംരംശോയെ നിന്നെ ഞാൻ ഏറ്റവും സ്നേഹിക്കുന്നു".

ദിവ്യപൈതലിന്റെ പുഞ്ചിരിയാൽ ആഹ്ലാദചിത്തരായിത്തീർന്ന ആ ബാലന്മാർ തുടർന്നുപറഞ്ഞു. "ഉണ്ണിംരംശോയെ, നിന്റെ വീട്ടിൽ ഇരുന്നു ഭക്ഷിപ്പാൻ നീ ഞങ്ങളെ അനുവദിച്ചല്ലൊ. എന്നാൽ ഞങ്ങളോടുകൂടി ഈ ഭക്ഷണത്തെ കഴിപ്പാനുംകൂടി നിനക്കു വരുമോ?"

ഇതിന്റശേഷം ഒരു നല്ല അത്ഭുതസംഭവം നടന്നു. വിശുദ്ധകന്യക തന്റെ കൈത്തണ്ടുകളെ അഴിക്കയും ഉണ്ണിംരംശോ അവരുടെ ക്ഷണത്തെ സ്വീകരിച്ചുകൊണ്ടു അൽത്താരയിൽനിന്നും താഴെ ഇറങ്ങിവരികയും ചെയ്തു. നിഷ്കളങ്കഹൃദയരും തീക്ഷ്ണഭക്തരുമായ ഒരുക്കം ജോണിനും ആയതു അശേഷം ആശ്ചര്യത്തെ ഉണ്ടാക്കിയില്ല. അത്യധികമായ സന്തോഷത്തോടും സ്നേഹത്തോടുംകൂടി അവർ കൊട്ടയിൽനിന്നും ഭക്ഷണസാധനങ്ങളെ പുറത്തെടുത്തു തങ്ങളുടെ വിരുന്നുകാരനെ കാണിച്ചു. ഉണ്ണിംരംശോ അവയെ ആശീർവദിച്ചശേഷം, തന്റെ ശിഷ്യർക്കു കൊടുത്തവിധംതന്നെ, അവയെ പകുത്തു അവർക്കു കൊടുത്തുകൊണ്ടു താനും ഭക്ഷിച്ചു.

തങ്ങളുടെ വിരുന്നുകാരന്റെ ഏറ്റവും മധുരമായ സംഭാഷണത്താലും അദ്ദേഹത്തിന്റെ തലകുമുറവും പ്രകാശിച്ചുകൊണ്ടിരുന്ന അസാധാരണമായ ശോഭാവിശേഷണത്താലും അദ്ദേഹത്തെ വിട്ടുപിരിയുന്നതിനു ആ കുട്ടികൾക്കു അശേഷം മനസ്സുണ്ടായിരുന്നില്ല. എന്നാൽ ലോകത്തിലുള്ള യാതിനും അവസാനമുണ്ടല്ലൊ. കൊട്ടയിലെ ഭക്ഷണം മുഴുവനും തീർന്നപ്പോൾ ഉണ്ണിംരംശോ തിരിച്ചുപോന്നു തന്റെ അമ്മയുടെ കരങ്ങളിൽ കുടിയിരുന്നു.

അന്നു വൈകുന്നേരം ഒരുയും ജോണും വീട്ടിൽ എത്തിയ ഉടനെ ഉണ്ണിംരംശോയൊന്നിച്ചു ഉച്ചഭക്ഷണം കഴിച്ച വിവരം പ്രസ്താവിച്ചു. എന്നാൽ ആയതു ആരും വിശ്വസിച്ചില്ലെന്നു മാത്രമല്ലാ, അടുത്തദിവസംമുതൽ അവരുടെ അമ്മ നല്ല ഭക്ഷണസാധനങ്ങൾ ധാരാളമായി കൊടുത്തു വിടുന്നതിനു വേണ്ടി കളവുപറയുന്നതാണെന്നു പറഞ്ഞുകൊണ്ടു അവരുടെ ഉപ്പാപ്പൻ അവരെ കഠിനമായി ശാസിച്ചു. അതിനാൽ ഇയ.

സംഭവത്തെപ്പറ്റി പിന്നീടു അവർ ആരോടും പറഞ്ഞില്ല. എങ്കിലും ഉണ്ണിനംരംശോയെ ക്ഷണിക്കുന്നതിൽ ഒരു ദിവസമെങ്കിലും അവർ മടികാണിച്ചില്ല.

ഒരുദിവസം ഗൈ ജേഷ്ടനോടു ഇങ്ങിനെ ചോദിച്ചു; "ജേഷ്ടാ, ഉണ്ണിനംരംശോ നമ്മോടൊന്നിച്ചു ഭക്ഷണം കഴിച്ചുതുടങ്ങിയിട്ടു ഇപ്പോൾ എത്രയോ ദിവസമായി! അവടുന്നു എന്തുകൊണ്ടാണ് നമുക്കു ഒന്നുംതന്നു കൊണ്ടുവരാഞ്ഞത്? മോക്ഷത്തിൽ അനേകം നല്ല സാധനങ്ങൾ ഉണ്ടെന്നല്ലെ അവിടുന്നു പറഞ്ഞതു?

ജോൺ:— "ഞാനും അതോർക്കാറുണ്ടു. എന്നാൽ നാം അങ്ങനെ ക്ഷണിച്ചുവരുത്തുന്ന സ്ഥിതിക്കു നാം അതു ചോദിക്കുന്നതു ശരിയല്ലല്ലൊ. എതായാലും നമുക്കു ബണ്ണാദച്ചനോടു ചോദിക്കാം".

ഇപ്രകാരം തീർച്ചപ്പെടുത്തിക്കൊണ്ടു അവർ ക്ലാസ്സിൽ ഇരിക്കുമ്പോൾ തങ്ങളുടെ ഗുരുനാഥനായ ബണ്ണാദച്ചൻ അവിടെ കയറിവന്നു. അദ്ദേഹം അവരെ പഠിപ്പിക്കാൻ പുസ്തകം കയ്യിലെടുത്തയുടനെ ജോൺ എഴുന്നേറ്റുനിന്നുകൊണ്ടു ഇങ്ങിനെ ചോദിച്ചു. "അച്ചാ, ഉണ്ണിനംരംശോ ഇപ്പോൾ എത്രയൊപ്രാവശ്യം ഞങ്ങളുടെ ഭക്ഷണം കഴിച്ചു. എന്നാൽ ഇതേവരെ അവിടുന്നു ഞങ്ങൾക്കു ഒന്നും കൊണ്ടുവന്നു തന്നില്ലല്ലൊ. മോക്ഷത്തിൽ എത്ര നല്ല പഴങ്ങൾതന്നെയുണ്ടു".

ബണ്ണാദച്ചൻ ആശ്ചര്യപരതന്ത്രനായിത്തീർന്നു. തന്നെ ഈ കുട്ടികൾ കളിപ്പിക്കയാണോ എന്നു ആദ്യം അദ്ദേഹം സംശയിക്കാതിരുന്നില്ല. എന്നാൽ ഗൌരവവും നിഷ്കളങ്കവുമായ അവരുടെ മുഖം അദ്ദേഹത്തിന്റെ സംശയത്തെ ഉടൻ അസ്ഥാനത്താക്കി. ഒടുവിൽ അദ്ദേഹം അവരെ അടുക്കൽ വിളിച്ചു സകല വിവരങ്ങളും ചോദിച്ചറിഞ്ഞു.

കുട്ടികൾക്കു പഠിക്കേണ്ട വിഷയങ്ങളെ പറഞ്ഞുകൊടുത്തശേഷം ബണ്ണാദച്ചൻ തന്റെ പ്രാർത്ഥനമുറിയിൽ പ്രവേശിച്ചു, അവരുടെ ഔദ്യത്തിനു വേണ്ടതായ മറുപടി പറഞ്ഞുകൊടുക്കുന്നതിനു ദൈവപ്രേരണയ്ക്കായി കുറെനേരം പ്രാർത്ഥിച്ചു. അതിന്റെ ശേഷം അദ്ദേഹം തിരിച്ചുവന്നു അവരോടു ഇങ്ങിനെ പറഞ്ഞു. "അടുത്തപ്രാവശ്യം നിങ്ങൾ ഉണ്ണിനംരംശോയോടൊന്നിച്ചു ഭക്ഷിക്കുമ്പോൾ നിങ്ങളുടെ ഗുരുനാഥനായ എന്നെയും ക്ഷണിക്കുന്നതിനു അദ്ദേഹത്തോടു നിങ്ങൾ പറയണം". "തീർച്ചയായും ഞങ്ങൾ പറയാം" എന്നു ഗൈ ഉടനെ പറഞ്ഞു.

അടുത്തദിവസം അവർ അൽത്താരയുടെ അടുത്തുചെന്നു ഉണ്ണിനംരംശോയുടെ നേരെ തിരിഞ്ഞു ഇങ്ങിനെ പറഞ്ഞു: "പ്രിയ ഉണ്ണി

ംരംശോയെ, എന്തുകൊണ്ടാണ് അവിടന്ന് ഞങ്ങളെ ക്ഷണിക്കാത്തത്? എത്രയോ പ്രാവശ്യം വളരെ സന്തോഷത്തോടെ അവിടന്നു ഞങ്ങളൊന്നിച്ചു ഭക്ഷിച്ചു! എന്നാൽ എന്തുകൊണ്ടാണ് അവിടന്നു ഒന്നുംതന്നെ ഞങ്ങൾക്കു കൊണ്ടുവന്നു തരാത്തത്?

ഉണ്ണിമ്ശിഹാ ഉടനെ താഴെ ഇരുന്നിട്ടവരോടിങ്ങിനെ പറഞ്ഞു: "പ്രിയ സ്നേഹിതരെ, എന്നെ നിങ്ങൾ ക്ഷണിച്ചതുപോലെതന്നെ നിങ്ങളേയും ഞാൻ നിശ്ചയമായും ക്ഷണിക്കും. എന്റെ പിതാവിന്റേയും മാലാഖാമാരുടേയും സാന്നിദ്ധ്യത്തിൽ സ്വർഗ്ഗത്തിൽവച്ചു ഞാൻ കഴിക്കുന്ന ആ വിരുന്നിനു ബെന്ന്യാദ്ദേച്ചനേയും ഞാൻ ക്ഷണിച്ചിരിക്കുന്നതായി നിങ്ങൾ അദ്ദേഹത്തോടു പറയണം." പതിവുപോലെ അധികനേരം സംസാരിക്കാതെ ഉണ്ണിംരംശോ ഉടൻ മറഞ്ഞു.

ഗൈയും ജോണും ബെന്ന്യാദ്ദേച്ചന്റെ അടുക്കലേക്കു ഓടി. അദ്ദേഹത്തിന്റെ മുറിയുടെ വാതുക്കൽ മുട്ടിക്കൊണ്ടു ഗൈ വിളിച്ചുപറഞ്ഞു. "അച്ചാ, വാതിൽ തുറക്കണം. ഞങ്ങൾ ഗൈയും ജോണുമാണ്. ഉണ്ണിമ്ശിഹായുടെ നാമത്തിലാണ് ഞങ്ങൾ വന്നിരിക്കുന്നതു്."

ബെന്ന്യാദ്ദേച്ചൻ നടന്ന സകല വിവരങ്ങളും അവരിൽനിന്നും മനസ്സിലാക്കി. അടുത്തദിവസംമുതൽ ആദ്യകുബ്ബാന കൈക്കൊള്ളുന്നതിനു വേണ്ടതൊക്കെ അവരെ അദ്ദേഹം പഠിപ്പിച്ചുതുടങ്ങി. മൂന്നാംദിവസം അവർ പരിശുദ്ധ കുബ്ബാന കൈക്കൊണ്ടു. കുബ്ബാനയുടെ ശേഷം ഗുരുനാഥനും ശിഷ്യരുംകൂടി ദൈവത്തിനു സ്തുതി പാടി. അതു അവർ അവസാനിപ്പിച്ചതു സ്വർഗ്ഗത്തിൽചെന്നായിരുന്നു.

കൃതജ്ഞതാ പ്രകാശനം.

1) കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ എന്റെ മകന്റെ പനി സുഖപ്പെട്ടതിനു നന്ദിയായി ₹ ക. അയയ്ക്കുന്നു. മറവത്തിവരിയ്ക്ക് ഔസേപ്പു, ഓച്ചന്തുരുത്ത്.

2) കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥംവഴി ഒരു കാര്യം സാധിച്ചതിനു നന്ദിയായി ₹ ക. അയയ്ക്കുന്നു. വിവരം ചന്ദ്രികയിൽ പ്രസിദ്ധംചെയ്യാനപേക്ഷ. വടക്കുംഭേരി ഔസേപ്പു പയലൊ, മഞ്ഞപ്ര, കാലടി.



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കുണ്ടുകുളത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുബ്ബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാംകൂർ അതിരുത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതിരുത്തികടത്തി കൊച്ചി അതിരുത്തിയിലുള്ള പള്ളികളിലേക്കൊ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രാഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വില കുപ്പി ഫ്രീ ഫ. ഫർ ണ. മാത്രം.

ഫ്രൗൺ-മുതൽ ഇതുവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറ് കമ്പനി.

വൈൻ കച്ചവടം,—എറണാകുളം.

വില ആദായം. നല്ല സാമാനം. ക്രൂലി ആദായം.

മരം കൊണ്ടുള്ള എല്ലാതരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്ക്ഷോപ്പിൽ എപ്പോഴും തയാറുണ്ടു. എല്ലാതരം ആഫീഷ്യാലുകൾക്കും, കച്ചേരി അലമാരിതുടങ്ങിയും പാരിയ ചമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആപ്പീസുകൾ, മണികോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയും കീർത്തിമുദ്രകളും പാരിതോഷികവും ലഭിച്ചിട്ടുള്ള ഞങ്ങളുടെ ആപ്പീസും മണികോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്തിൻ & ബ്രദേഴ്സ്

റയിൻവെ റോഡ്—എറണാകുളം.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

(വൈദികാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതു്.)

മലബാർ ഭാഗത്തേയ്ക്കു് ക. ഫ — വ — ാ ഒരുപ്രതിയ്ക്കു ക ാ — വ — ന.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"

മെത്രാപ്പോലീത്താൻ പള്ളി, എറണാകുളം.

പുതിയഡിപ്പോ. മിതമായവില.

കുഞ്ഞാനക്കുപ്പായം, കുപ്പായത്തിരുവസ്ത്രങ്ങൾ, കൊന്ത, കാൽരൂപം, വെറുതെ വലുതുമായ കടലാസുരൂപങ്ങളും കൊത്തുരൂപങ്ങളും. ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു പല ഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അനുജന്റെ അടുത്തു തെക്കുവശത്തു ബ്രോഡ്‌വെയിലുള്ള കെട്ടിടത്തിൽസ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വിൽപ്പാനുണ്ടു്. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയുന്നതുമാണു്.

മാനേജർ തിരുഹൃദയഡിപ്പോ,—എറണാകുളം.



പലേ കീർത്തിമുദ്രകളും

വീരശൃംഖലകളും ലഭിച്ചിട്ടുള്ള

ജെ. അഗസ്റ്റിൻ ചന്ത്രാല ആൻഡ് സൺസ്

ഐ. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലങ്കാരപ്പണികൾ, ചിത്രവര, മേശാട്ടോ വലുതാക്കൽ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കുവാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടതങ്കവേല, ജീവതുല്യമായ വാളുകൾ കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ട പുരാതന തൊഴിൽക്കാരെ പ്രോത്സാഹിപ്പിപ്പാൻ മിതമായ നിരക്ക്—മേൽത്തരം പണി.

Printed and published by Rev. Jacob Naduvathuchery, at the "Mar Louis Memorial" Press — Ernakulam.